L70:32 GO PATRACHARITAM KUNJAN NAMBIAR

032:1L70:32
G1O

032:1L70:32 GO
KUNJAN NAMBIAR.
Patra charitam.

58580

MUL
058580

RATHNAM PRES
BINDERS
BADRIAN STREET
MADRAS.

DOCTRINA VIM PROMOVET INSITAM

**Madras University Library**

Call Number 032:1L70:32 Go

Accession Number 58580

Available for loan from

This book should be returned on or before the date last marked below.

THE MALAYALAM TEXT FOR FORM II.

കുഞ്ചൻനമ്പ്യാരുടെ

# പാത്രചരിതം

## ഓട്ടൻ തുള്ളൽ.

പഴയഗ്രന്ഥങ്ങൾ നോക്കി തിരുത്തി അച്ചടിച്ചതു്

UNIVERSITY LIBRARY
7 AUG 1930
MADRAS

AN EXPURGATED EDITION.

*Edited with an Introduction & Notes*

BY

K. CHIDAMBARA VADHYAR B. A.

IL 7032
0

PUBLISHED BY

L. F. FERNANDEZ & SONS

*CITY PRESS, TRIVANDRUM.*

1105.

[Copyright.] [വില ൧ ചക്രം.

7 AUG 1930

# പ്രസ്താവന.

## പാത്രചരിതം

ഓട്ടം തുള്ളൽ ഏതാനും കൊല്ലങ്ങൾക്കമെട്രിക്കുലേഷൻ പരീക്ഷയ്ക്കു പാഠ്യപുസ്തകമായി നിശ്ചയിച്ചിട്ടുണ്ടായിരുന്നു. ഏകദേശം ൪൦ കൊല്ലത്തിനു മുൻപു ഒരിക്കൽ അതു പാഠ്യപുസ്തകമാക്കപ്പെട്ടിരുന്ന അവസരത്തിൽ അതു ഞാൻ പിഴ തിരുത്തി അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിരുന്നു. അക്കാലത്തു യൂനിവെർസിട്ടിക്കാർതന്നെ പാഠ്യപുസ്തകം തിരുത്തിയടുപ്പിച്ചു വില്ക്കുക പതിവില്ലായിരുന്നു. അന്നാൾ എനിക്കു ലഭിച്ചിരുന്നതു് ഒരു താളിയോല ഗ്രന്ഥവും വടക്കൻ മലബാരിൽ ഒരേടത്തു ലെത്തൊഗ്രാഫിൽ അച്ചടിച്ചിരുന്ന ഒരു പുസ്തകവും മാത്രം ആയിരുന്നു. ഇവ രണ്ടിനേയും യോജിപ്പിച്ചു നോക്കിയാണു് ഞാൻ പുസ്തകം പ്രസിദ്ധിപ്പെടുത്തിയിരുന്നതു്. അതിൽ വിഷമപദങ്ങൾക്കു അൎത്ഥവും വ്യാകരണ രീത്യാ ചില വിവരണങ്ങളും ഞാൻ ചേൎത്തിരുന്നു. അതിൽ പിന്നീടു അതുപോലെ പാഠ്യപുസ്തകങ്ങൾക്കു അൎത്ഥം എഴുതി അച്ചിടിപ്പിക്കുന്ന ഉദ്യമത്തിൽ നിന്നു ഞാൻ പ്രായേണ വിരമിച്ചിരിക്കയായിരുന്നു. ഇയ്യാണ്ടു ഈ ഓട്ടംതുള്ളൽ തിരുവിതാംകോട്ടേ ഇംഗ്ലീഷു് പാഠശാലകളിൽ പാഠ്യപുസ്തകമായി നിശ്ചയിക്കപ്പെട്ടപ്പോൾ തിരുവനന്തപുരത്തു സിററിപ്രെസ്സിലെ ഉടമസ്ഥൻ മിസ്റ്റർ എല്. എഫ് ഫെർണാൺടിസിൻെറ അപേക്ഷപ്രകാരം ഈ ഉദ്യമത്തിൽ വീണ്ടും പ്രവേശിച്ചിരിക്കുന്നു.

ഇതു ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിൽ രണ്ടാം ഫാറത്തിലേക്കാണ് പാഠ്യപുസ്തകം ആക്കപ്പെട്ടിരിക്കുന്നതു്. ആ ക്ലാസിൽ പഠിക്കുന്ന വിദ്യാൎത്ഥികൾക്കു ആവശ്യമുള്ളിടത്തോളം അൎത്ഥവിവരണം വ്യക്തമായി ഇതിൽ ചേൎത്തിട്ടുണ്ടു്. ഗ്രന്ഥകൎത്താവിന്റെ ജീവിതചരിത്രസംക്ഷേപം, ഭാഷാ വിമൎശനം, സാഹിത്യഗുണദോഷചിന്തനം, കഥയിലുള്ള ഓരോനായകോപനായകന്മാരുടെ വൎണ്ണനം മുതലായി ഉയൎന്നതരംക്ലാസുകൾക്കു, പ്രത്യേകിച്ചും കാളേജ് ക്ലാസുകളിൽ പഠിക്കുന്നവൎക്കു, ആവശ്യം ഉള്ള ഭാഗങ്ങൾ ഉദ്ദിഷ്ട വിദ്യാൎത്ഥികൾക്കു തീരെ ആവശ്യമില്ലാത്തതാണു്. എന്നു വരികിലും പേരിനെങ്കിലും സ്വല്പം ഇവയെക്കുറിച്ചു പറയാതിരുന്നാൽ ഗ്രന്ഥപ്രചരണത്തിനു ന്യൂനതയാണെന്നു മിസ്റ്റർ ഫർനാൻഡീസ് അഭിപ്രായപ്പെടുകയാൽ ഇവ സംബന്ധിച്ചു് ഏതാനും ഭാഗങ്ങൾ മാത്രം ചേൎത്തിരിക്കുന്നു.

———:o:———

വിദ്യാൎത്ഥികൾക്കു പാത്രചരിതത്തിലെ കഥ മനസ്സിലാകുന്നതിനു വേണ്ടിടത്തോളം പൂൎവ്വകഥാ ആദ്യമായി പറയാം:—

പൂൎവ്വകഥാ

പണ്ടു് ഹസ്തിനാപുരത്തിൽ സോമവംശത്തിൽ ഉള്ള രാജാക്കന്മാർ രാജ്യഭാരം ചെയ്തുവന്നു. അവരിൽ ശന്തനു എന്ന ഒരു രാജാവു ഉണ്ടായിരുന്നു. അദ്ദേഹത്തിനു ആദ്യത്തെ ഭാൎയ്യയിൽ ഒരു പുത്രൻ മാത്രം ഉണ്ടായിരുന്നു. ആ പുത്രൻ വിവാഹം ചെയ്യുക ഇല്ലാ എന്നും തനിക്കു

രാജ്യാധികാരം വേണ്ടാ എന്നും ഭീഷ്മമായ പ്രതിജ്ഞ ചെയ്യുകയാൽ 'ഭീഷ്മൻ' എന്ന പേരു ആ പുത്രനു സിദ്ധിച്ചു. ശന്തനു പിന്നീടു സത്യവതി എന്ന ദാശസ്ത്രീയെ വിവാഹം ചെയ്തു. അവൾക്കു രണ്ടു പുത്രന്മാർ ജനിച്ചു; എന്നു വരികിലും മൂത്ത പുത്രൻ ചെറുപ്പത്തിലെ മരിച്ചു പോകയാൽ വിചിത്രവീര്യൻ എന്ന രണ്ടാമത്തെ പുത്രൻ രാജാവായി. വിചിത്രവീര്യൻ കാശി രാജപുത്രികളായ അംബികയേയും അംബാലികയേയും കല്യാണം കഴിച്ചു. അംബികയ്ക്കു ജാത്യന്ധനായ ധൃതരാഷ്ട്രൻ എന്ന പുത്രനും അംബാലികയ്ക്കു പാണ്ഡുവർണ്ണം പൂണ്ട പാണ്ഡു എന്ന പുത്രനും ജനിച്ചു. ഇവരിൽ ധൃതരാഷ്ട്രക്കു ദുര്യോധനൻ മുതലായി നൂറു പുത്രരും പാണ്ഡുവിനു യുധിഷ്ഠിരൻ മുതലായ അഞ്ചു പുത്രന്മാരും ഉണ്ടായിരുന്നു.

പാണ്ഡു മരിച്ചുപോയി. ധൃതരാഷ്ട്രൻ ആകട്ടെ പാണ്ഡുപുത്രന്മാരെ തൻെറ മക്കളോടൊപ്പം ലാളിച്ചു വളൎത്തി വിദ്യാഭ്യാസം ചെയ്യിപ്പിച്ചു. ഈവിധം നൂററിയഞ്ചു പുത്രന്മാരിൽ വച്ചു വയസ്സുമൂപ്പുള്ള 'യുധിഷ്ഠിരൻ' രാജാവായി അഭിഷേകം ചെയ്യപ്പെട്ടു, ക്രമേണ ചക്രവൎത്തിയായും സകലരാലും അംഗീകരിക്കപ്പെട്ടു.

ബാല്യത്തിലെ തന്നെ പാണ്ഡവന്മാർ തങ്ങളെ അപേക്ഷിച്ചു് അധികം പരാക്രമശാലികളും വലിയ യോദ്ധാക്കളും പ്രജകളുടെ സ്നേഹത്തിനു പാത്രമായി ഭവിച്ചവരും ആയിരുന്നതു ദുര്യോധനൻ ഗ്രഹിച്ചു് പാണ്ഡവന്മാരെ വധിക്കാൻ അനേകം ഉപായങ്ങൾ ചെയ്തിരുന്നു, അതൊന്നും ഫലിച്ചില്ല.

യുധിഷ്ഠിരൻ ചക്രവൎത്തിയായതിൽ പിന്നീടു അദ്ദേഹത്തിന്റെ "ധനവും പ്രതാപവും നന്മയും കണ്ടു സഹിയാഞ്ഞു്" ദുൎയ്യോധനനു ദിനംപ്രതി "അത്തൽ മുഴുക്കയാൽ "താണിതുബുദ്ധി, തളൎച്ചയും പാരമായി," അമ്മാവൻ ആയ ശകുനിയോടുകൂടി ആലോചിച്ചതിൽ "യുധിഷ്ഠിരനെ ചൂതിനു ക്ഷണിക്കണം, ചൂതുപൊരുതു് അവനെ ജയിച്ചു് അവന്റെ സകലത്തേയും നിനക്കു അധീനമാക്കിത്തരാം" എന്നു ശകുനി പറഞ്ഞു സമാധാനപ്പെടുത്തി. ദുൎയ്യോധനൻ അച്ഛനെകൊണ്ടു് ചൊല്ലിച്ചു യുധിഷ്ഠിരനെ ചൂതിനു വരുത്തി. ചൂതിനു വിളിച്ചാൽ പോകാതിരിക്കുന്നതു രാജധൎമ്മം അല്ല; തോൽവി വരും എന്നു പേടിക്കുന്നതു രാജോചിതവും അല്ല. ചൂതിനാൽ ആപത്തുണ്ടാകും എന്നു അറിഞ്ഞിട്ടും യുധിഷ്ഠിരൻ അതിനു സമ്മതിച്ചു. കള്ളച്ചൂതിട്ടു ശകുനി ചതിയ്ക്കുയാൽ യുധിഷ്ഠിരന്റെ സൎവ്വസ്വവും രാജ്യവും ദുൎയ്യോധനനു പണയമായിതീൎന്നു. നെഞ്ചകമായുള്ള അനുജന്മാരെയും ഭാൎയ്യയായ ദ്രൗപതിയെത്തന്നെയും രാജാവു പണയം വച്ചു. വൈരികൾ എല്ലാം ചിരിച്ചു. ഇപ്രകാരം ദ്രൗപദി നൂററവൎക്കു ദാസ്യപ്പെട്ടവളായി തീൎന്നപ്പോൾ ചൂതിനായി കൂടിയിരുന്ന രാജസഭയിൽ അവളെ പിടിച്ചുകൊണ്ടു വരാനായി ദുൎയ്യോധനൻ അനുജനായ ദുശ്ശാസനനെ പറഞ്ഞയച്ചു. "ദുശ്ശാസനൻ ചെന്നു ലജ്ജയും കൈവിട്ടു ദുശ്ശാസനം ചെയ്യുന്നേരത്തു് രജസ്വലയായിരിക്കത്തന്നെ പാഞ്ചാലിയെ തലമുടി ചുററിപ്പിടിച്ചിഴച്ചു് സജ്ജനരെല്ലാവരും നോക്കിയിരിക്കവെ ആ സഭാന്തരത്തിൽ കൊണ്ടുവന്നു് അവളുടെ വസ്ത്രവും ഒരു തല ചുററി

പ്പിടിച്ചു് മടിയാതെ അഴിച്ചു. അപ്പോഠം അവഠം ആത്മത്രാണപരായണരും ആത്മബന്ധുവും ആയ ദ്വാരകാവാസി ശ്രീകൃഷ്ണഭഗവാനെ ഉദ്ദേശിച്ചു് "പ്രലാപം കലന്നു". ഉടൻ "വസ്ത്രം അഴിച്ചോളം അങ്ങ് പിന്നയും ഉണ്ടായി; ഏറിയോരാട അവൻ അഴിച്ചിട്ടും ഭഗവൽകൃപയാൽ അവളുടെ ക്രൂറ അരയിന്നു് വേറായില്ല.

ഈ വിധം ദ്രൗപദിയുടെ വസ്ത്രം സഭാമദ്ധ്യേ അന്യപുരുഷൻ വലിച്ചഴിക്കുന്നതു കണ്ടിട്ടും യുധിഷ്ഠിരാദികഠം സത്യത്തെ ലംഘിക്കരുതു് എന്നു ചിന്തിച്ചു അടങ്ങിയിരുന്നു. ഈ സങ്കടാവസ്ഥയിൽ ഭീഷ്മരും ദ്രോണരും ഉപദേശിച്ചതനുസരിച്ചു ധൃതരാഷ്ട്രൻ അവളുടെ അപേക്ഷപ്രകാരം അവളുടേയും പാണ്ഡവന്മാരുടേയും ദാസ്യവൃത്തി ഇല്ലാതാക്കി, അവർ ഇന്ദ്രപ്രസ്ഥത്തിൽ ചെന്നുപാക്കാൻ അനുവദിച്ചു.

എന്നാൽ അവർ വീണ്ടും പ്രതാപവാന്മാരായ്ത്തീന്നു തങ്ങളെ തോല്പിക്കും എന്നു പേടിച്ചു് ദുര്യോധനൻ അതിന്നു സമ്മതിച്ചില്ല. ദാസ്യനിവൃത്തി വരണം എങ്കിൽ യുധിഷ്ഠിരാദികളും പാഞ്ചാലിയും "ഇന്നുതന്നെ വനവാസം തുടങ്ങണം. ദ്വാദശസംവത്സരം മുഴുവൻ തപസാവനത്തിൽ വസിക്കണം; പിന്നീടു് അജ്ഞാതവാസം ചെയ്യണം." എന്നു ദുര്യോധനൻ ശഠിച്ചു. യുധിഷ്ഠിരാദികഠം അതിന്നു സമ്മതിച്ചു.

ഇതറിഞ്ഞു "കേണുതുടങ്ങിനാർ പൗരജനങ്ങളും". "നാട്ടും നഗരവും വീട്ടും ഉപേക്ഷിച്ചു് കാടകം പൂവാൻ പാണ്ഡവർ ജടാവല്ക്കലം പൂണ്ടു. അവരുടെ ആചാ

യ്യർ ആയ ധൗമ്യൻ ശൗനകൻ മുതലായവരും അവരോ ടും കൂടവെ പോയി. "ബ്രാഹ്മണരും അനുജന്മാരും ഭാ ര്യയും ധാമ്മികൻ ആയ ധമ്മതനയനും പോകുന്നതുകൊ ണ്ടു് സാധുജനങ്ങളും കണ്ണുനീരുംവാത്തു തങ്ങളിൽ തങ്ങ ളിൽ നോക്കാതെ മിണ്ടാതെ തിങ്ങിന വേദനപൊങ്ങി എല്ലാവരും നില്ക്കുന്ന നേരത്തു സത്ഗതിയുണ്ടാവാൻ പാണ്ഡവന്മാരും" അന്നുതന്നെ കാട്ടിലേക്കു പുറപ്പെട്ടു. അന്നു അവരെല്ലാവരും ഗംഗാതീരം പ്രാപിച്ചാർ.

ഇത്രയും ആണു് പൂർവ്വകഥാ.

തങ്ങളെ ആശ്രയിച്ചു വന്നിരിക്കുന്ന ബ്രാഹ്മണവര ക്കു വേണ്ട ഊണുകൊടുക്കാൻ വഴികാണാഞ്ഞിട്ടു യുധി ഷ്ഠിരൻ ആഹാരത്തിനു പണിഎന്തു് എന്നു മോഹനാശ നൻ ആയ ശൗനകനോടു ചോദിച്ചു. ശൌനകൻ ധൗ മ്യനോടു ചോദിച്ചു. സൂര്യ്യദേവനെ സേവിക്കുവാൻ ധൗമ്യൻ ഉപദേശിച്ചു. അതിലേക്കുള്ള മൂലമന്ത്രവും ധൗമ്യൻ യുധിഷ്ഠിരനു ഉപദേശിച്ചു. അദ്ദേഹം ആ മന്ത്രം ദ്രൗപദിക്കു ഉപദേശം ചെയ്തു. പാഞ്ചാലിയും വ ഴിപോലെ സൂര്യ്യനെ സേവിച്ചു. പ്രീതനായ സൂര്യ്യദേ വൻ ഒരു പാത്രം കൊടുത്തു. "ഭൂദേവന്മാരും പിന്നെ തങ്ങളും പാഞ്ചാലിയും പ്രീതിയാവോളം ഉണ്ട ചോറ തിൽ ഒടുങ്ങീട്ടു" എന്നും സൂര്യ്യൻ പറഞ്ഞു. ഇപ്രകാരം ഭാരതത്തിൽ പറഞ്ഞിരിക്കുന്ന ഈ പാത്രത്തിന്റെ കഥയാണു പാഠ്യപുസ്തകമായ "പാത്രചരിതം" ഓട്ടം തുള്ളലിൽ കുഞ്ചൻനമ്പ്യാർവിവരിച്ചിരിക്കുന്നതു്.

## ഗ്രന്ഥകൎത്താ

കുഞ്ചൻ നമ്പ്യാരെ കുറിച്ചു മലയാളം നാലാംപാഠപുസ്തകത്തിൽ വിദ്യാൎത്ഥികൾ പഠിച്ചിരിക്കാം എന്നു വരികിലും ഇവിടെയും അവയെ ചുരുക്കത്തിൽ പറയാം.

നമ്പ്യാർ കൊല്ലം ഒൻപതാമത്തെ ശതവൎഷത്തിന്റെ നാലാം പാദത്തിൽ മലയാം ജില്ലയിൽ കിള്ളിക്കുറിശ്ശിമംഗലം എന്ന സ്ഥലത്തു ജനിച്ചു. അക്കാലത്തു അമ്പലപ്പുഴ നാടുവാണിരുന്ന രാജാവിനേയും ആ നാടു തിരുവിതാംകോട്ടുരാജാവിനു ഒതുങ്ങിയതിന്റെ ശേഷം തിരുവനന്തപുരത്തുചെന്നു അവിടത്തെ മഹാരാജാവിനേയും ആശ്രയിച്ചു ഉപജീവിച്ചിരുന്നു. ഈ രണ്ടു രാജാക്കന്മാരും ഈ കവിസാമ്രാട്ടിനു വേണ്ട പ്രോത്സാഹനം നല്കിയിരുന്നു.

മലയാളഭാഷയിൽ ഉള്ള കാവ്യങ്ങളിൽ 'തുള്ളൽ' എന്ന ഇനത്തിന്റെ ജനയിതാവു് കുഞ്ചൻനമ്പ്യാർ തന്നെ. ഇദ്ദേഹം എഴുപതോളംഎണ്ണം തുള്ളലുകൾ നിൎമ്മിച്ചിട്ടുണ്ടു്. ഇദ്ദേഹത്തെ അനുകരിച്ചു ചിലരെല്ലാം ഏതാനും കാവ്യങ്ങൾ ഉണ്ടാക്കീട്ടുണ്ടെന്നു വരികിലും അവ എല്ലാംകൂടി ഈ ഒരു കവിയുടെ ഗ്രന്ഥങ്ങളുടെ പകുതി എണ്ണം കൂടിയില്ലാ. കവിതായോഗ്യതയെ നോക്കുന്നതായാലും യാതൊരു കാരണത്താലും പിന്നീടുണ്ടാക്കീട്ടുള്ള യാതൊരു തുള്ളൽ കാവ്യവും നമ്പ്യാരുടെ ഗ്രന്ഥത്തിനോടു കിടനില്ക്കത്തക്കതല്ല.

ഇതിൽ ഗ്രന്ഥകൎത്താവു തന്റെ സഹജമായ വാൿപ്രവാഹത്തേയും വൎണ്ണനാചാതുൎയ്യത്തേയും ഹാസ്യരസസമ്പൂൎത്തിയേയും സ്പഷ്ടമാക്കിയിരിക്കുന്നു.

നമ്പ്യാരുടെ തുള്ളലുകളിൽ എല്ലാം കേരളരാജ്യത്തിലെ തൽകാലാവസ്ഥയെ നല്ലപോലെ ഫലിതരസപൂർണ്ണമായി വിവരിച്ചിട്ടുണ്ടു്.

തുള്ളൽ സ്വയം വായിച്ചു് ആനന്ദിക്കുന്നതിനെക്കാൾ തുള്ളൽ അഭിനയിക്കുന്നവർ പറഞ്ഞു് കെട്ടു് ധരിക്കുന്നതു് അധികം രസകരവും ഹൃദയംഗമവും ആയിരിക്കും.

നമ്പ്യാരുടെതുള്ളൽകാവ്യത്തിൻെറ ഉദ്ദേശ്യംതന്നെ രാമായണത്തിലും ഭാരതത്തിലും ഭാഗവതത്തിലും ഉള്ളപ്രധാനപ്പെട്ട കഥകളെ വളരെ ലളിതമധുരമായ വിധം കേൾപ്പിക്കുക എന്നുള്ളതാണു്. ഇതു ഒരുതരം രൂപകം ആകുന്നു. സാധാരണ നാടകങ്ങളിൽ കഥാപുരുഷന്മാരിൽഓരോ ആളുടേയും വേഷം കഥാപാത്രങ്ങൾ ആകഥനടന്ന കാലത്തിനനുയോജ്യമായി ധരിച്ചു് നടന്നവിധം പോലെ അരങ്ങത്തു വന്നു കാണിക്കുന്നു. എന്നാൽ തുള്ളലിൽ വെഷക്കാരൻ ഒരുത്തനെയുള്ളു;അതാതു പാത്രത്തിനും അനുരൂപമായ വെഷപ്പകൎച്ചയില്ലാ.എന്നുവരികിലും സ്വല്പമായ ചില അഭിനയ വിശേഷവും സംഭാഷണവും ഓരോപാത്രവും വേണ്ടുംവിധം അരങ്ങത്തുവന്നു പറയുന്നതുപോലെതന്നെ തുള്ളക്കാരൻ തോന്നിപ്പിക്കുന്നു. രസസ്ഫൂൎത്തി തുള്ളലിൻെറ ഒരു പ്രധാനലക്ഷണം ആണു്.

## പ്രസ്തുതകഥാ

പാഠപുസ്തകം ആക്കപെട്ടിരിക്കുന്ന "പാത്രചരിതം ഓട്ടം തുള്ളലിലെ" കഥയെ അതിൽ പറഞ്ഞിരിക്കുന്ന വിധത്തിൽ ചുരുക്കി താഴെ ചേൎക്കുന്നു:—

ദുൎയ്യോധനൻ നിൎദ്ദേശിച്ച ഉടമ്പടിപ്രകാരം യുധിഷ്ഠിരാദികൾ കാട്ടിൽ ചെന്നപ്പോൾ തങ്ങളോടൊന്നിച്ച ചെന്നിരുന്ന ബ്രാഹ്മണർ തമ്മിൽ ഭക്ഷണത്തിനു വേണ്ടതു കിട്ടാത്തതു സംബന്ധിച്ച ഓരോ വിധം സംഭാഷണം നടത്തിക്കൊണ്ടിരുന്നു. ഇവൎക്ക ഊണിന്നു കൊടുക്കാൻ മാൎഗ്ഗം ഇല്ലെന്നു കണ്ടും ഇവരുടെ സങ്കടം ഒന്നൊഴിയാതെ അറിഞ്ഞും ധൎമ്മതനുജനും അനുജന്മാരും സൂൎയ്യദേവനെ വഴിപോലെ മനസിൽ ചേൎത്തു തപസ്സുതുടങ്ങി. സൂൎയ്യദേവൻ പ്രസാദിച്ച് അവൎക്കായി ഒരു പാത്രം നല്ക്കി. "എന്തൊരു വസ്തു ലഭിക്കണം എന്നാൽ ചിന്തിക്കുന്നവ എല്ലാം അതിൽ സന്തതം ഉളവാകും" എന്നും പാഞ്ചാലിയുടെ അഷ്ടി കഴിഞ്ഞാൽ പാത്രത്തിൽ ആ ദിവസം പിന്നീടൊന്നും ഉണ്ടാകയില്ലെന്നും അതുകൊണ്ട് "പഥികന്മാരുടെ വരവു നിലച്ചേ" പാഞ്ചാലി ഭക്ഷിക്കാവൂ എന്നും "ചതിയന്മാർ ചില കുസൃതിപിണൎക്കും അതു കരുതിപ്പാൎത്തീടേണം" എന്നും സൂൎയ്യൻ പറഞ്ഞ് അനുഗ്രഹിച്ചു. അതുമുതൽ ബ്രാഹ്മണഭോജനം അതിവിശിഷ്ടമായി യുധിഷ്ഠിരഗൃഹത്തിൽ നടന്നുവന്നിരുന്നു. യുധിഷ്ഠിരാദികളുടെ ഈ വിധം സുഖവാസവൃത്താന്തം പെരുവഴിപോക്കർ ഒരു ദിക്കിൽ ഇരുന്നു പറഞ്ഞുകൊണ്ടിരുന്നതു ദുൎയ്യോധനൻ കേട്ട്; അവന്നുള്ളിൽ അസൂയ മുഴുത്തു. "കുന്തീസുതരുടെ സദ്യ മുടക്കാൻ എന്തൊരുപായം എടുക്കേണ്ടുന്നതു" എന്നു ദുൎയ്യോധനൻ അമ്മാവനായ ശകുനിയോടും കൎണ്ണനോടും അനുജന്മാരോടും കൂടി ആലോചിച്ചു. "ഭോജനസാധനം ഉണ്ടാകുന്നൊരു ഭാജനം അതു നശിപ്പാൻ ഒരുവഴി മാതുലൻ

ഓൎത്താൽ ഉണ്ടാമ്യരും'' എന്നും അവൻ ശകുനിയോടു പറഞ്ഞു. ആ അവസരത്തിൽ ദുൎവ്വാസസ്സ് മഹൎഷി ശിഷ്യരോടൊന്നിച്ചു രാജഗൃഹത്തിൽ സ്വയമേവ വന്നെത്തി; ദുൎയ്യോധനന്റെ സൽകാരങ്ങൾകൊണ്ടു മഹൎഷിവളരെ തൃപ്തനായി ദുൎയ്യോധനനെ അനുഗ്രഹിച്ചു. ദുൎവ്വാസസ് യാത്രയാരംഭിച്ചപ്പോൾ "ഒരു ആഗ്രഹം അറിയിക്കാൻ ഉണ്ടു്'' എന്നു ദുൎയ്യോധനൻ ഉണൎത്തിച്ചു:—"ജ്യേഷ്ഠൻ ആയ യുധിഷ്ഠിരനു രാജ്യഭരണക്ലേശം കഴികയില്ലെന്നുറച്ചു് അനുജന്മാരോടും ഭാൎയ്യയോടും കൂടി കാട്ടിൽ ചെന്നു തപസ്സ് ചെയ്തുകൊണ്ടിരിക്കുന്നു; അവരോടൊന്നിച്ചു അനേകായിരം ശാസ്ത്രി ബ്രാഹ്മണരും പോയിട്ടുണ്ടു്; അവൎക്കെല്ലാവൎക്കും ആഹാരാദികൾക്കു വേണ്ടതെല്ലാം മടി കൂടാതെ സകലവും അവിടേക്കു അടിയൻ തന്നെ കൊടുത്തുവിടുന്നു. തിരുവടിയും ശിഷ്യരുമായി കാട്ടിൽ എഴുന്നള്ളി അവരുടെ സൽകാരം സ്വീകരിച്ചു അവരെ അനുഗ്രഹിക്കണം. എന്നാൽ നിങ്ങൾ അവിടെ ചെന്നാൽ നിങ്ങൾക്കെല്ലാവൎക്കും ആഹാരാദികൾ ഉണ്ടാക്കിത്തരേണ്ടി വരുന്ന ക്ലേശം സഹിക്കാൻ ആ "കൊച്ചുകുടുംബിനിയാളാകില്ല''; അതുകൊണ്ടു് നിങ്ങളുടെ കളിതേവാരം മറെറാരു ദിക്കിൽ കഴിച്ചുകൊണ്ടു് അവളുടെ കൊററുകഴിഞ്ഞതിൽ പിന്നീടു മാത്രമേ നിങ്ങൾ അവിടെച്ചെല്ലാവൂ''. ദുൎയ്യോധനൻ ഈ വിധം പറഞ്ഞതുകേട്ടു് ദുൎവ്വാസസ് അതിനു സമ്മതിച്ചു.

ദുൎവ്വാസസ്സും ശിഷ്യരും യുധിഷ്ഠിരന്റെ സമീപത്തു ചെല്ലുമ്പോൾ യുധിഷ്ഠിരൻ ഭോജനത്തിനായി ഇവരെ ക്ഷണിക്കും എന്നും പാഞ്ചാലിയുടെ ഊണു കഴിഞ്ഞതി

ൻെറശേഷം അവിടെ ചെന്നെത്തിയാൽ അന്നേദിവസം അക്ഷയപാത്രത്തിൽ യാതൊന്നും ഉണ്ടാകയില്ല എന്നുള്ളതുകൊണ്ടു ഊണുകിട്ടാഞ്ഞു് ദുർവ്വാസസ് യുധിഷ്ഠിരാദികളെ ശപിക്കും എന്നും അതു ഹേതുവായി അക്ഷയപാത്രവും നശിക്കാൻ ഇടയായിപോകും എന്നും ആയിരുന്നു ദുര്യോധനൻെറ വിചാരവും ഉദ്ദേശവും. അതിലേക്കായിട്ടാണു് പാഞ്ചാലിയുടെ ഊണു കഴിഞ്ഞതിൽ പിന്നീടു മാത്രമേ അവിടെ ചെല്ലാവൂ എന്നു അവൻ മഹർഷിയോടു അപേക്ഷിച്ചതും

ദുർവ്വാസസ് വനത്തിൽ യുധിഷ്ഠിരാദികൾ പാർക്കുന്നേടത്തു ശിഷ്യരോടൊന്നിച്ചു് ചെന്നു; രാജാവു മഹർഷിയെ വേണ്ടും വണ്ണം ഉപചരിച്ചു: ഊണിനു ക്ഷണിച്ചു് കുളിച്ചു വരാനും പറഞ്ഞയച്ചു. പിന്നീടു പാഞ്ചാലിയെ വിളിച്ചു അതിഥിപൂജയ്ക്കു വേണ്ടതെല്ലാം ഒരുക്കാൻ കല്പിച്ചു. അതിനു മുമ്പെതന്നെ ദ്രൗപദി ഭക്ഷണംകഴിഞ്ഞു തീർന്നിരിക്കയാൽ "ഇനിയൊരുവസ്തുവും ഇദ്ദിവസം ജനിയാ, ശിവശിവ എന്തു ചെയ്യേണ്ടു. ദുർവ്വാസസ്സാകട്ടെ കോപശരീരൻ, അദ്ദേഹം ശാപമഹാഗ്നിയിൽ നമ്മുടെ വംശം ശപിച്ചു ഭസ്മമാക്കും. ദുർവ്വാസാവു ശപിച്ചാൽ പിന്നൊരു നിർവ്വാഹവും ഇല്ല;" എന്നെല്ലാം ദ്രൗപദി ഭർത്താവിനോടു പറഞ്ഞു് വ്യസനിച്ചു.

പിന്നീടു "മംഗലമൂർത്തി മുകുന്ദനെയങ്ങവൾ മങ്ങാതൻപൊടു സേവതുടങ്ങി." അപ്പോൾ ശ്രീകൃഷ്ണൻ പ്രത്യക്ഷനായി. "പാഞ്ചാലി! എനിക്കു പാരം വിശക്കുന്നു, പാത്രത്തിൽ ഏതാനും ഉണ്ടെങ്കിൽ തന്നാലും നീ: വെള്ളം കുടിയാഞ്ഞെൻെറ യുള്ളം ഉരുകുന്നു; ഉള്ളു ചോറുതന്നാൽ മതി" എന്നു ചോദിച്ചു. താൻ ഊണു കഴിച്ചു തീരുകയാൽ പാത്രത്തിൽ ഒന്നും ഇല്ലല്ലൊ എന്നു പാഞ്ചാലി മറുപടി പറഞ്ഞു. അതു കേട്ടു കൃഷ്ണൻ "പാത്രം എടു

ത്തു ഇങ്ങു കൊണ്ടു വരിക വൈകിടാതെ; അത്രമാത്രം എന്നാകിലും അന്നം അതിലുണ്ടായ് വരുംനിശ്ചയം' എന്നു പറഞ്ഞു. അവൾ പാത്രം എടുത്തുകൊണ്ടുവന്നു. അതിൽ പററിക്കിടന്നു ഒരു ചെറിയ ചീരയിലയുടെ കഷണം; കൃഷ്ണൻ അതെടുത്തുഭുജിച്ച് ജലവുംകുടിച്ച് ദ്രൗപദിയോടു യാത്രപോലും പറയാതെ പൊയ്ക്കളഞ്ഞു. കൃഷ്ണൻ വന്നിട്ടും ഒന്നും പറയാതെ പോയ അവസ്ഥയും മുനീന്ദ്രനും ശിഷ്യരും കുളിച്ചു വരുമ്പോൾ അവരെ യഥാവിധി സൽക്കരിക്കാൻ വേണ്ട കോപ്പുകൾ ഇല്ലാതിരിക്കുന്ന അവസ്ഥയും വിചാരിച്ച് ദ്രൗപദി താപാകുലയായി വസിച്ചു.

ദുർവ്വാസാവും ശിഷ്യരും പുഴയിൽചെന്നുകുളിച്ചുപൊങ്ങിയപ്പോൾ ബഹുഭുക്തികൊണ്ടുഅത്യന്തം തൃപ്തരായി. സകലവിധഭോജ്യങ്ങളും അവർഭുജിച്ചതായിഅവക്കുതോന്നി. അങ്ങനെവരാനുള്ള കാരണം മുനീന്ദ്രൻ ആലോചിച്ചതിൽ ദുര്യോധനൻെറചതിപ്രയോഗവും സാക്ഷാൽ മാധവൻ ആയ കൃഷ്ണഭഗവാൻെറ മായാവിനോദങ്ങളും അദ്ദേഹം ജ്ഞാനദൃഷ്ടികൊണ്ടു സ്പഷ്ടമായികണ്ടു. "അതികപടരാം ധാർത്തരാഷ്ട്രാദികൾ നശിക്കട്ടെ''എന്നുആനന്ദമൂർത്തിയായ മാമുനി ശപിച്ചിട്ടു പാണ്ഡവർ വസിച്ചിരുന്ന പർണ്ണശാലയിൽ ചെന്നെത്തി—പാണ്ഡവന്മാരും പത്നിയും മുനിയുടെ കാലിണ ഭൂമിയിൽ വീണു വണങ്ങി കാരുണ്യാംബുധിയായ മുനിവരരും അവരെഅനുഗ്രഹിച്ച് ഇപ്രകാരം പറഞ്ഞു—നൃപ വര, നിങ്ങൾക്കു വേഗത്തിൽ മംഗളം ഭവിക്കട്ടെ. മംഗളമൂർത്തിയായ ശ്രീകൃഷ്ണനു നിങ്ങളിൽ ഉണ്ടായ വാത്സല്യത്താൽ നിങ്ങൾക്കുള്ള ഇംഗിതം എല്ലാം ലഭിച്ചു എന്നുള്ള വസ്തുത ഞാൻ അറിഞ്ഞു—പതിവ്രതയാളെ!പാഞ്ചാലീ!അവർ ചതിവുപറ

ഞ്ഞതു ഞാൻ അറിഞ്ഞില്ല. നിങ്ങളുടെഅഭീഷ്ടം സാധിക്കും''എന്നിപ്രകാരം അനുഗ്രഹിച്ചിട്ടു്സന്തുഷ്ടൻ ആയ മാമുനി ശിഷ്യന്മാരോടൊരുമിച്ചു അവിടം വിട്ടുപോയി.

---

നമ്പിയാർ പറഞ്ഞിരിക്കുന്ന കഥയിൽ ശ്രീമഹാഭാരതത്തിൽ നിന്നു സ്വല്പം വ്യത്യാസങ്ങൾ വരുത്തിട്ടുണ്ടു്. അതു കാവ്യത്തിനു അലങ്കാരം വരുത്താനായിട്ടാണു്.

ഇതിൽ കഥാഭാഗം വളരെചുരുക്കം ആണു്.അധികാംശവും സംഭാഷണങ്ങളും വർണ്ണനങ്ങളും ആകുന്നു:—

(൧) ൨൯ മുതൽ ൧൦൦ വരെ വരികളിൽ യുധിഷ്ഠിരനോടൊന്നിച്ചു ചെന്ന ബ്രാഹ്മണർ തമ്മിൽ ഉള്ള സംഭാഷണം; ഇതിൽ എന്തുകാരണത്താൽ ബ്രാഹ്മണർപാണ്ഡവന്മാരെ അനുഗമിച്ചു എന്നു വെളിവാകുന്നു

(൨)൨൪മുതൽ ൨൩൨ വരെ കാട്ടിൽ ഊണിനു വഴിയുണ്ടായതെങ്ങനെഎന്നു ബ്രാഹ്മണരുടെ വിസ്മയം

൩)൭൦ മുതൽ ൩൪൫ വരെ_സദ്യവട്ടം_ഇതിൽ ഭിന്ന രുചികളായ ജനങ്ങൾക്കു വേണ്ട ഭിന്ന ഭിന്നങ്ങളായി ആഹാര സാധനങ്ങൾ അക്ഷയപാത്രത്തിൽ നിന്നുജനിച്ചതായി വർണ്ണിച്ചിരിക്കുന്നു.

(൪) ൩൫൧ മുതൽ ൪൨൫ വരെവഴിപോക്കരായ ബ്രാഹ്മണരുടെ സംഭാഷണം—കുന്തീസുതർ കാട്ടിലിരുന്നിട്ടും സുയോധനാദികളെക്കാൾ അധികമായി ബ്രാഹ്മണഭോജനം നടത്തുന്ന വിവരം ദുര്യോധനൻ ഗ്രഹിക്കുന്നു.

(൫)൪൩൦ മുതൽ൪൬൦-നരെശകുനി.കർണ്ണൻ,സഹോദരർ മുതലായവരെ സുയോധനൻ വിളിച്ചുവരുത്തി അവരോടു പറയുന്ന പ്രസംഗവും ദുരാലോചനയും

(൬) ൫൦൯ മുതൽ ൫൧൮ വരെ— സുയോധനൻ ദുൎവ്വാസാവിനെ യുധിഷ്ഠിരൻ പാൎക്കുന്ന കാട്ടിലേയ്ക്കു പറഞ്ഞയക്കുന്ന വിവരം.

(൭) ൫൧൯ മുതൽ ൫൭൯ വരെബ്രാഹ്മണരുടെ ദിനചൎയ്യാവൎണ്ണനം

(൮) ൬൪൩ മുതൽ ൬൬൦ വരെ ദ്രൗപദിയുടെ നിൎദ്ദേശം

(൯) ൬൬൫ മുതൽ ൬൮൦ വരെ ശ്രീകൃഷ്ണനെ ഉദ്ദേശിച്ചുള്ള ദ്രൗപദിയുടെ സ്തുതിയും പ്രാൎത്ഥനയും

(൧൦) ൬൮൧ മുതൽ ൭൦൦ വരെ ദ്രൗപദിക്കും കൃഷ്ണനും തമ്മിൽ സംഭാഷണം

(൧൧) ൭൦൧ മുതൽ ൭൪൬ വരെ ദുൎവ്വാസസിന്റെ ആശീൎവ്വാദം

## രീതി

തുള്ളൽ കഥ നാടോടിയായഭാഷയിൽ എല്ലാവൎക്കും എളുപ്പത്തിൽ മനസ്സിലാക്കാവുന്നരീതിയിൽ രചിക്കപ്പെട്ടിരിക്കുന്നു. നമ്പ്യാരുടെ ഉദ്ദേശ്യവും ഇതുതന്നെയായിരുന്നു. തെരുതെരെ ഗംഗാപ്രവാഹംപോലെ യാതൊരു തടവും ഇല്ലാതെ ഒഴുകിവന്നതായ നമ്പ്യാരുടെ കാവ്യപ്രവാഹത്തിൽ ക്ലിഷ്ടതലേശം ഇല്ല. പക്ഷെ പാദപൂരണത്തിനായി നിരൎത്ഥകമായ താൻ, തൻ, ഒരു, പുനർ എന്നീചില നിരൎത്ഥകപദങ്ങൾ കുറെയധികം പ്രയോഗിച്ചിട്ടുള്ളതു ഭൂഷണമായിട്ടല്ലാതെദൂഷണമായിഗ്രഹിക്കാൻ പാടില്ല. നമ്പ്യാരുടെ തുള്ളലുകളിൽ കാണുന്ന മറെറാരു പ്രത്യേകത അനുപ്രാസം എന്ന ശബ്ദാലങ്കാരത്തിന്റെ ആധിക്യം ആകുന്നു. അനുപ്രാസം ഇദ്ദേഹം നിരങ്കുശമായ

സുലഭമായും ലളിതമായും പ്രയോഗിച്ചിരിക്കുന്നു; ദ്വിതീയാക്ഷരപ്രാസത്തിൻെറ ബാഹുല്യം ഇതിലും അധികമാണു്.

കൃതികൾ

കുഞ്ചൻ നമ്പ്യാർ തുള്ളൽ കഥകൾക്കു പുറമെ ശ്രീകൃഷ്ണചരിതം, രുഗ്മിണീവിവാഹം പത്തുവൃത്തം, ഭഗവദ്ദൂത്യം പതിനാലുവൃത്തം, നളചരിതം കിളിപ്പാട്ടു എന്നീ കാവ്യങ്ങളും നിർമ്മിച്ചിട്ടുണ്ടു്. ഭാഗവതം ഇരുപത്തിനാലുവൃത്തം, പഞ്ചതന്ത്രം കിളിപ്പാട്ടു, ചാണക്യസൂത്രം (മുദ്രാരാക്ഷസം) കിളിപ്പാട്ടു എന്നീ കാവ്യങ്ങളും ഇദ്ദേഹത്തിൻെറ കൃതികൾ തന്നെ.

നമ്പ്യാരുടെ കൃതികളിൽ ഓട്ടൻതുള്ളൽ, ശീതങ്കൻ തുള്ളൽ, പറയൻതുള്ളൽ എന്നീ മൂന്നു വിധത്തിൽ തുള്ളൽകാവ്യങ്ങൾ ഉണ്ടു്. "പാത്രചരിതം" കഥ ശീതങ്കൻ തുള്ളലായും ഉണ്ടു്. പക്ഷെ അതു നമ്പ്യാരുടെ കൃതി തന്നെയോ എന്നു തീർച്ചപറവാൻ നിവൃത്തിയില്ല.

K. Chidambara Vadhyar.

—— :o: ——

ശുദ്ധിപത്രം

| വരി | അശുദ്ധം | ശുദ്ധം |
|---|---|---|
| ൬൪ | ഇല്ലതങ്ങു | ഇല്ലാതങ്ങു |
| ൧൭൭ | ഭവം | ഭാവം |
| ൨൧൭ | മുടങ്ങാതവിടെ | മുടങ്ങാതിവിടെ |
| ൨൩൬൧ | ചിർ | ചിലർ |
| ൩൨൦ | ടുക്കം | ടൊക്കം |
| ൩൭൭ | വാഞ്ഛിത | വാഞ്ഛിതം |
| ൩൯൩ | രാജതമജ | രാജാത്മജ |

# പാത്രചരിതം

## ഓട്ടൻതുള്ളൽ

AUG 1950

ധൎമ്മപരായണമാനസനാകിന
ധൎമ്മാത്മജനും പവനാത്മജനും
അൎജ്ജുനനും നകുലൻ സഹദേവനും
അജ്ജനമൈവരും അവരുടെ ഭാൎയ്യയും
സമ്പത്തിങ്കലും ആപത്തിങ്കലും
അൻപൊടുകൂടി വസിച്ചീടുന്നൊരു
എൺപത്തെട്ടു സഹസ്രം വിപ്രരും
ഇൻപം ഇയന്ന വനത്തിൽ പുക്കു.
കള്ളം പെരുകിന ശകുനി ശഠൻ ബത
കള്ളച്ചൂതുകളിച്ചു ചതിച്ചുടൻ
ഉള്ളധനങ്ങൾ പിടിച്ചു പറിച്ചു
തള്ളിയയച്ചിതു കുന്തീസുതരെ;
മുന്നമുടുത്തൊരു വസ്ത്ര മിതല്ലാ-
തൊന്നുമവൎക്കു ലഭിച്ചതും ഇല്ല.
ഖിന്നതപൂണ്ടു, വിശന്നു തളൎന്നൊരു
മന്നവർനാഥനും അനുജന്മാരും
തന്വംഗീമണി പാഞ്ചാലിയും അവർ
ഉന്നതമാകിന മലയുടെ നികടേ
ചെന്നു വസിച്ചു മഹാവിപിനേ പുന-
രൊന്നും പണ്ടറിയാത്ത നൃപന്മാർ

കൊട്ടവെയിൽകൊണ്ടു വിയൎത്തു തളൎന്നൊരു
കുടയുംകൂടെക്കിടയാതങ്ങനെ
നെട്ടതായുള്ളൊരു കാട്ടിൽ പുക്കു
നടപ്പാനുള്ളൊരു സംഗതി വന്നു.
കിഴവന്മാൎക്കു കഷണ്ടി മറയ്ക്കാൻ
പഴതായുള്ളൊരു മുണ്ടും നാസ്തി.
മഴപെയ്യെങ്കിൽ നനഞ്ഞു നനഞ്ഞി-
ക്കിഴവന്മാർ ചിലർ ചാകേയുള്ളൂ.
"കുന്തീസുതരെ ക്ലേശിപ്പിപ്പാൻ
എന്തിനു താൻ ഇഹ കൂടെപ്പോന്നു?"
"നിങ്ങൾഅശേഷം പോരുന്നേരം
അങ്ങു നമുക്കു വസിപ്പതുചിതമോ''?
"അങ്ങനെയോൎത്തു പുറപ്പെട്ടെന്നാൽ
ഇങ്ങനെ പട്ടിണിയിട്ടുകേയുള്ളൂ''.
"കൊററിനു വകയില്ലടവിയിൽ എന്നതു
മുററും ഞാൻ അതു ചിന്തിച്ചില്ലാ.''
"കലയും പുലിയും നിങ്ങൾക്കുണ്മാൻ
ഇലയും വച്ചിഹ പാൎത്തീടുവതോ?
നിലയില്ലാതെ പുറപ്പെട്ടെന്നാൽ
വലയുന്നതിനൊരു പോം വഴിയില്ലേ''.
"മലയിൽപോന്നുകിടപ്പാൻനമ്മുടെ
തലയിലെഴുത്തിതം എന്നേവേണ്ടു.
വലയിൽപെട്ട മൃഗത്തെപ്പോലെ
വിലയം വിരവൊടു വന്നു ഭവിക്കും.
മലയാളികളും പരദേശികളും

പലയാളുകളുണ്ടരമനതന്നിൽ
സ്ഥലംവച്ചുടൻ ഇരവും പകലും
നലമൊടു കൊററ കഴിച്ചീടുന്നു.
ഫലമില്ലാതിഥ കാട്ടിൽ നടുവിൽ
ജലവും കൂടി ലഭിക്കാതിങ്ങനെ
പലരും ഹന്ത! കിടന്നുഴലുന്നൊരു
ഫലമൂലങ്ങളും ഇല്ലാതായി.
കഷ്ടം! കഷ്ടം! ദുൎയ്യോധനൻ അതി-
ദുഷ്ടൻ, ദുഷ്ടൻ ദുശ്ശാസനനും
അവരുടെ അമ്മാവനും അതിദുഷ്ടൻ
കപടക്കാരൻ ശകുനി കുശീലൻ
ധൎമ്മാത്മജനെയും അനുജന്മാരെയും
അമ്മാപാപികൾ കള്ളച്ചൂതെ-
ന്നുള്ളൊരു കപടം കൊണ്ടു വനത്തിൽ
തള്ളിമറിച്ചൊരു ശഠതയ്ക്കിപ്പോൾ,
കള്ളന്മാരുടെ വീടും പുരയും
കൊള്ളിയെരിച്ചു കരിച്ചേ തീരൂ.
കുറിയരിവച്ചു വെളുത്തൊരു ചോറും
കറിയും നെയ്യും തൈരും കൂട്ടി
നിറയെക്കൊററകഴിച്ചു വസിപ്പാൻ
കുറവില്ലന്തണർ എൺപതിനായിരം.
അങ്ങനെയുള്ള മഹാബ്രാഹ്മണരെ
ഇങ്ങനെ കാട്ടിൽ പട്ടിണിയിട്ടു
വിശന്നു തളൎന്നു കിടന്നുഴലാൻ വഴി-
വച്ചവരൊക്കെ നശിക്കണം എന്നു

ശപിക്കണം ഇജ്ജനമൊക്കെക്കൂടി-
ട്ടിക്കപെടത്തിനതേ മതിയാവൂ.
നമ്മുടെയില്ലത്തച്ഛനമമ്മയും
അന്തർജ്ജനവും മക്കളും എല്ലാം
നമ്മുടെ മൂലം ചിലവു കഴിച്ചവർ
നന്മയിൽ അവിടെപ്പാർത്തീടുന്നു.
നെല്ലും പണവും വസ്ത്രവും എല്ലാം
ഗുണവാന്മാരിവർ ഐവരുമുണ്ടു
തരുന്നതു കാരണം ഇല്ലത്തങ്ങു
വിരുന്നു വരുന്നോർക്കഷ്ടി കൊടുക്കും.
പാർത്ഥന്മാരു വനം പുക്കപ്പോൾ
ഉൽഛം നമ്മുടെ ധർമ്മം ഇതെല്ലാം."
അപ്പോൾ പറഞ്ഞാൻ ഒരു വിപ്രൻ, "നമ്മുടെയില്ല-
ത്തപ്പൻ മരിച്ചപ്പിന്നെ സ്വല്പം കടം പിണഞ്ഞു
കണ്ടം കൃഷി ചെയ്യുന്ന കണ്ടമന്റെ താന്തോന്നിത്തം
കൊണ്ടമന്റെ കണ്ടമെല്ലാം കണ്ടോർ കരസ്ഥമാക്കി:
രണ്ടു കന്യകമാരും ഉണ്ടു നമുക്കതു
രണ്ടും ഒരുമിച്ചു തിരണ്ടു; അവരെ വേട്ടു
കൊണ്ടുപോവാൻ ആരെയും കണ്ടില്ലാ; നമുക്കതു
കൊണ്ടു വിഷാദം പാരമുണ്ടു മനസ്സിൽ പിന്നെ:
രണ്ടു പണം കിട്ടുന്നദിക്കിൽ കുടയും കൊണ്ടു
മണ്ടുവാൻ എനിക്കൊട്ടും ആരോഗ്യം ഇല്ലാതായി;
ശാന്തി ചെയ്യാനും എളുതല്ലെന്നുറച്ചു പോന്നു.
കുന്തീതനയന്മാരെ സേവിച്ചിരിക്കും കാലം
കാട്ടിനു പോവാൻ വട്ടം കൂട്ടി പുറപ്പെട്ടെന്നു

കേട്ടു ഞാൻ കൂടെപ്പുറപ്പെട്ടെന്നേ വേണ്ടു.
കാട്ടിൽ ചെന്നാലും നമുക്കൂട്ടിൽ ചോറും കറിയും
കിട്ടും എന്നോർത്തു പോയി, കഷ്ടം! ഞാൻ എന്തുചെയ്‌വൂ.
കായും കനിയും തിന്നു വായും കുഴഞ്ഞു കാട്ടിൽ
രാവും പകലും അങ്ങു പായുന്നതിന്റെ മൂലം
കായം കിടയ്ക്കുമൊരുപായും വിരിക്കാതൊരു
നായിന്റെ കൂട്ടു തന്റെ കയ്യും തലയ്ക്കൽ വച്ചു
മണ്ണിൽ കിടക്ക പാരം ദണ്ഡം അയ്യോ നമുക്കി-
വണ്ണം വരുത്തിയതാ പൊണ്ണൻ ദുർയ്യോധനൻ താൻ.”
മറെറാരു ഭൂസുരൻ ഉരചെയ്താൻ—“ഇഹ
കുററം ഒരുത്തൻ പറയാനില്ല;
മാററികളായിട്ടൊരുവകവളരെ
പോററികൾ ഇങ്ങനെ നൃപനെ വലയ്ക്കാൻ
പാററകൾപോലെ പുറപ്പെട്ടവരെ
പ്പോററുവതിന്നൊരു നൃപനെളുതാമൊ?
നൂററവർ ചെയ്തൊരു കള്ളച്ചൂതിൽ
തോററു വനത്തിൽ ഇരിക്കുന്നവരുടെ
കൂററിനു വേണ്ടി കൂടെപ്പോന്നിതു
മാററിത്തത്തൊഴിലിന്റെ മഹത്വം:
ഉണ്ണേണം എന്നും ഉറങ്ങേണം എന്നും

* * * * * *

കണ്ണിൽ കണ്ട ജനങ്ങളെയെല്ലാം
എണ്ണിക്കൊണ്ടു ദൂഷിക്കേണം എന്നും
ഇത്തൊഴിലല്ലാതിപ്പുരിഷയ്ക്കൊരു
വസ്തുവിചാരം ഒരിക്കലുംഇല്ല.

കൊററുകഴിഞ്ഞു വരുമ്പോൾ ഉടനെ
വെററിലപുകയില കൊണ്ടുവരാഞ്ഞാൽ
മുററും നമ്മുടെ ചന്ത്രക്കാരനു
കുററം വാശ്ശുത്തും ഒന്നുണ്ടാകും.
മററുള്ളവരുടെ സങ്കടം എന്നതു
മുററും നമ്മൾ വിചാരിക്കില്ല
പോററികൾ എന്നൊരു പേരറിയേണം
മാററികൾ ആയതു കാരണം അറിയാൻ
അങ്ങനെ തിന്നു തിമിത്തുകിടപ്പവർ
ഇങ്ങനെ പട്ടിണിയിട്ടുകിടപ്പിൻ.
തങ്ങടെ കൊററിനു വകയില്ലാത്തവർ
എങ്ങിനെ നമ്മെരക്ഷിക്കേണ്ടു?
അങ്ങു സുയോധനനാദികൾ ആരും
നിങ്ങടെ ചോറു വിലക്കുകയില്ല;
ചങ്ങാതികൾ ഇഹ കാട്ടിൽ നടന്നു മ-
യങ്ങാതങ്ങു നടന്നാലും പുനർ
എങ്ങാനുട്ടുള്ളേടത്തെത്തിമു-
ടങ്ങാതഷ്ടികഴിച്ചുവസിപ്പിൻ.
നിങ്ങടെ വസ്തു വില്ക്കുകയില്ല ഭു-
ജംഗധ്വജൻ അതു ബോധിച്ചാലും"
"മതിമതി നിങ്ങടെ ദുസ്സാമത്ഥ്യം
ഗതിയില്ലാത്തവരായിഹ ഞങ്ങൾ
അന്തണരെക്കൊണ്ടാനകളിച്ചാൽ
അന്തരം ഉണ്ടാം അഖിലന്മാക്കും.
ഉമ്മാൻ വകയില്ലാഞ്ഞിട്ടല്ലി

ഞങ്ങടെ കൂട്ടം നമ്പൂതിരിമാർ
ധൎമ്മാത്മജനുടെ പുറകെ പോന്നിതു,
കൎമ്മാധീനം അതെന്നുധരിപ്പിൻ.
ചോറും വസ്ത്രവും എണ്ണയും എല്ലാം
നാളുകൾതോറും തന്നു പുലൎത്തും
ഭൂപതിവരരാം പാണ്ഡവരെപ്പുനർ
ആപത്തിങ്കൽ ഉപേക്ഷിക്കാമോ?
ഗുണവാന്മാരാം ഇവരെ വെടിഞ്ഞൊരു
ക്ഷണമാത്രം വൈഷമ്യം ഇരിപ്പാൻ.
മണമുള്ളൊരു കുസുമങ്ങൾ തിരഞ്ഞി-
ട്ടണയുന്നില്ലേ വണ്ടുകളെല്ലാം.
ഇവരൊടുചേൎന്നാൽ ദുഃഖംസുഖമാം;
ഇവരെവെടിഞ്ഞാൽ സൎവം ദുഃഖം''
''ആയതുകൊള്ളാം അഷ്ടിക്കെന്തൊരു
ഉപായം ഇതെന്നു നമുക്കുവിചാരം;
ഊണെന്നുള്ളതുപേക്ഷിച്ചാൽ ഇ-
പ്രാണനെഎങ്ങനെ രക്ഷിക്കുന്നു?
ഫലമൂലാദികൾ അഷ്ടികഴിച്ചാൽ
മലമൂത്രാദികൾ ഒഴികയും ഇല്ല.
ജലവും കുടിയാതിങ്ങനെ പാൎത്താൽ
ബലവും കെട്ടു മരിക്കേയുള്ളൂ.
താടിക്കാൎക്കു വനത്തിൽചേരും
മോടിക്കാൎക്കതു ചേരുകയില്ല.
ചാടിക്കടിക്കൂട്ടം കടുവായെ
പ്പേടിച്ചിട്ടിഹ പാൎപ്പാൻ മേലാ.''

* * * *

ഇങ്ങനെ പലരും പലപല വാക്കു പ-
റഞ്ഞുവിശന്നു തളൎന്നു വനാന്തേ
തിങ്ങിനപരവശഭാവംപൂണ്ടു
മങ്ങിനമുഖമൊടു വാഴുംകാലം.
ധൎമ്മതനൂജനും അനുജന്മാരും
കൎമ്മബ്രാഹ്മണവരരുടെസങ്കടം
ഒന്നൊഴിയാതെയറിഞ്ഞുമുകുന്ദൻ-
തൻകഴലിണതുണ എന്നു മനസ്സിൽ
ചേൎത്തുരുഭക്ത്യാ ചെന്നുകുളിച്ചുടൻ
ഓൎത്തിനു നാലിനും ആശ്രയമാകിന
മാൎത്താണ്ഡനെ വഴിപോലെ മനസ്സിൽ
ചേൎത്തഥ നിന്നു തപസ്സുതുടങ്ങി.

സ്തോത്രം.

നാഥദിനേശ നമോ നമോ നാഥ ദിനേശ നമോ നമോ.
നാഥ ദിവാകര നാഥ വിഭാകര
നമസ്തേ ഹിതപൂരണത്തിനു കാരണ
കാരുണ്യമൂൎത്തേ, കരംബിതതാരുണ്യമൂൎത്തേ
ആരും നിനച്ചാൽ ഒഴിച്ചൽ കൂടാതൊരു
ഘോരപാപനിവാരണത്തിനു
പോരും ഇന്നു ഭവാൻ അധീശ്വര. നാഥ.
പാൎത്ഥന്മാർ ഞങ്ങൾ പരാധീനപാൎത്ഥന്മാർ
പാൎത്ഥിവഭാവം വെടിഞ്ഞു വനം പുക്കു
പാൎത്തു നിൻപദം ഓൎത്തുചേതസി
മുമ്പിൽ വീണിതാ കുമ്പിടുന്നേൻ നാഥ.
ഉത്തമന്മാരാം മഹീസുരസത്തമന്മാരും

അത്ര വനം തന്നിൽ വന്നു വിശന്നുടൻ
അത്തൽപൂണ്ടു വശംകെട്ടുന്ന മ-
ഹത്വമുള്ള മഹാജനങ്ങൾ
നന്നിതാ വഷം, മഹാവിപ്രവൃന്ദമശേഷം
നന്ദിപ്പിച്ചീടുക നാഥ ദിവാകര.
സുരന്മാക്കും നരന്മാക്കും വരം നല്കും നാഥ
പാത്ഥന്മാരുടെ മനസിഹിതം പര-
മാത്ഥമറിഞ്ഞൊരു പാവനമൂത്തി
മാത്താണ്ഡൻ പുനരവരുടെ നികടേ
പ്രത്യാവന്നു പ്രസാദിച്ചരുളി:—
"ധമ്മതനൂജ, വൃകോദര, ഫല്ഗുന,
നിമ്മലനകുല, സഖേ സഹദേവ,
കല്മഷ രഹിതേ കൃഷ്ണേ, നിങ്ങടെ
നന്മ വരാൻ ഒരുവരംഏകുന്നേൻ
ദിവ്യമതാകിനപാത്രം ഇതത്ഭുതം
അവ്യയം അഹംഇദം ആശുതരുന്നേൻ.
എന്തൊരു വസ്തു ലഭിക്കണംഎന്നാൽ
ചിന്തിക്കുന്നവ കിട്ടും, അവററിൽ
സന്തതം ഉളവാം ചോറം കറികളും;
അന്തണവരരുടെ തൃപ്തിവരുത്തുക
എൺപത്തെട്ടു സഹസ്രം ദ്വിജരുടെ;
സമ്പത്തൊക്കെ വരുത്തിക്കൊൾവിൻ.
അദ്യതുടങ്ങി മുടങ്ങാതവിടെ
സദ്യതുടങ്ങിക്കൊൾക നരേന്ദ്ര!
പഥികന്മാക്കും ചോറുകൊടുത്തുടൻ

അധികം പ്രീതി വരുത്തിക്കൊൾകവിൻ.
പാഞ്ചാലി നീ വിപ്രന്മാക്കിഹ
പഞ്ചാരപ്പാല്പായസം അധുനാ
അഞ്ചാതങ്ങു വിളമ്പീടുക ബഹു-
പഞ്ചാമൃതവും ഗുളവും ദധിയും.
നിന്നുടെയഷ്ടി കഴിഞ്ഞാൽ പാത്രേ
അന്നം പാൽ പഴം എന്നിത്യാദികൾ
ആ ദിവസം പുനരുണ്ടാകില്ലെ
ന്നറിയണംഅരചന്മാരേ നിങ്ങൾ.
പഥികന്മാരുടെ വരവു നിലച്ചേ,
പാർഷതി, നീയും ഭക്ഷിക്കാവൂ.
ചതിയന്മാർ ചിർ കുസൃതി പിണയ്ക്കും
അതു നീ കരുതിപ്പാർത്തീടേണം".
ഇത്തരമരുൾ ചെയ്തീടിന സൂര്യൻ
സത്വരം ഉത്തമപാത്രം നല്കി-
ത്തത്ര മറഞ്ഞൊരു സമയേ പാണ്ഡവർ
അത്രവനത്തിൻ ഉറങ്ങീടുന്നൊരു
ധാത്രീസുരരെച്ചെന്നു പതുക്കെ
യുറക്കം ഉണർത്തിത്തൊഴുതുരചെയ്തു:—
"കാനനനദിയിൽ ബ്രാഹ്മണരെല്ലാം
സ്നാനംചെയ്വാൻ ആശുഗമിക്ക.
മുണ്ടും പുടവയും എല്ലാം കടവിൽ
കൊണ്ടുവരും കൊച്ചനുജന്മാരും;
എണ്ണയും അവിടെത്താളിയും ഇഞ്ചയും
എല്ലാവക്കും വട്ടം കൂട്ടി;
ഇലവെപ്പാനും അടുത്തുവനത്തിൽ

സ്ഥലവും വച്ചു കുളിപ്പാൻ പോവിൻ''
എന്നതുകേട്ടൊരു വിപ്രൻചൊന്നാൻ
''എന്തൊരുവാക്കിതു വിപ്രന്മാരേ,
കൌന്തേയേന്ദ്രനും അനുജന്മാക്കും
ഭ്രാന്തുപിടിച്ചോ? പരിഹാസം ഇതോ?
അയ്യോ, ശിവശിവ, കാട്ടിൽ നടുവിൽ
തീയും പുകയും കാണ്മാനില്ല;
വെപ്പും നാസ്തി മടപ്പള്ളിക്കാർ
ആരുംകൂടെപ്പോന്നിട്ടില്ല;
അരികഴുകുന്നതു കാണ്മാനില്ല;
കറിവയ്ക്കുന്നതുകാണ്മാനില്ല;
തേങ്ങാകണ്ടിയ്ക്കുന്നൊരു ശബ്ദവും
എങ്ങാനൊരുദിശികേൾപ്പാനില്ല;
ഇലവെപ്പാനും അടുത്തെന്നിങ്ങനെ
ഫലിതം പറയുന്നെന്തു നരേന്ദ്ര!
വാശ്ശുതും ഒന്നു കളിച്ചുവരാം പുനർ
ഈശ്വരവിലസിതം ആർക്കറിയാവൂ''.
എന്നുപറഞ്ഞവർ കാനനനദിയിൽ
ചെന്നുനിറഞ്ഞൊരു നേരത്തിങ്കൽ
അന്നേരത്തൊരുവാർപ്പു നിറച്ചുടൻ
എണ്ണയും അവിടെത്താളിയും ഇഞ്ചയും
എന്തോ വിസ്മയം വിസ്മയം എന്നവർ;
എണ്ണയെടുത്തഥ തേച്ചുതുടങ്ങി,
കണ്ണിലൊഴിച്ചും കാതിലൊഴിച്ചും
കണ്ണുകരിച്ചു കയച്ചു വിളിച്ചും

“തെക്കുവടക്കുമീശക്കാരാ,
വെക്കം താളി പതച്ചിഹ കൊണ്ടുപാ”
എന്നവരവിടെ ഘോഷിക്കുമ്പോൾ
ചെന്നഥ നകുലൻ താളി പിഴിഞ്ഞു
ഇങ്ങനെ സംപദി കുളിച്ചു മഹാജനം
അങ്ങുവനത്തിൽ വരുന്നൊരുനേരം:—
തന്നിച്ചു പാത്രത്തിൽനിന്നുജനിച്ചോരിലക്കെട്ടുകൊ-
ണ്ടോരിക്കലേ വിപ്രന്മാൎക്കു നിരക്കേ ഇലയുംവച്ചു;
കുളിൎത്ത ചന്ദനം കോരി കൊടുത്തു മാരുതി കയ്യിൽ;
വെള്ളത്തച്ചോർ കോരികയിൽ നിറച്ചു പാഞ്ചാലിമെല്ലേ,
വിളമ്പിത്തുടങ്ങി ചെററു വിളംബംകൂടാതെതന്നെ.
ഇളഞ്ചേന വാഴക്കായും ഇളവൻ വെള്ളരിക്കായും
ഇടചേൎന്നോരെരിശ്ശേരി ഇലയ്ക്കൊക്കെ വിളമ്പുന്നു.
വറുത്ത നേന്ത്രവാഴയ്ക്കാ കൂൎച്ചുണ്ടങ്ങാ ചക്ക-
ച്ചുളയുമപ്പേരിക്കൂട്ടം വളരെ വിളമ്പീടുന്നു.
ചെറിയപപ്പടംപിന്നെ വലിയപപ്പടങ്ങളും
കുറയാതെ പഞ്ചസാര ഞുളവും പായസം തേനും
പരിപ്പു പച്ചടിച്ചാറു കരിമ്പിൻനീർ നല്ലപാലും
പൊടിത്തൂവൽ കൂട്ടുകറി പൊടിച്ച വേപ്പിലക്കട്ടി
തടിച്ച കണ്ണൻപഴവും തടിച്ചവണ്ണമ്പഴവും
പരിപ്പുപ്രഥമൻ ചക്കപ്രഥമൻ അടപ്രഥമൻ
നിരപ്പിൽവിളമ്പിമാങ്ങാ പുളിശ്ശേരിതൈരുംമോരും
ചുക്കുംജീരകംഇടചേൎന്നങ്ങുക-
ലക്കിയ മോരും കോരിവിളമ്പി.

തൽക്ഷണം അനവധി വിപ്രന്മാരുടെ
ഭക്ഷണഘോഷം ഇതെത്രവിചിത്രം:—
കൊണ്ടുവാപപ്പടം എന്നൊരുവിപ്രൻ
കൊണ്ടുവാപഴം എന്നങ്ങൊരു വിപ്രൻ
കോരികകൊണ്ടുടൻ അടമധുരക്കറി
കോരിവിളമ്പണം എന്നൊരു വിപ്രൻ;
ഇഞ്ചിത്തൈരും മാങ്ങാക്കറിയും
കിഞ്ചിൽപോടണം എന്നൊരുവിപ്രൻ.
പഞ്ചപ്രസ്ഥം പഞ്ചാരപ്പൊടി
പാല്പായസമതിൽ ഇട്ടുകലൎന്നുടൻ
അഞ്ചാതിലയിൽ വിളമ്പുകിൽ എന്നുടെ
നെഞ്ചുകുളിൎക്കും എന്നൊരു വിപ്രൻ;
ചെണ്ടമുറിക്കു സമാനമതാക്കി
ക്കണ്ടിച്ചീടിന നേന്ത്രപ്പഴമതു
കണ്ടംകണ്ടം എനിക്കു വിളമ്പുകിൽ
ഉണ്ടൊരു കൗതുകം എന്നൊരു വിപ്രൻ.
ആലങ്ങാടൻ ശൎക്കരയുണ്ടകൾ
നാലഞ്ചിങ്ങു വിളമ്പീടുകിൽ അതി-
കോലാഹലമാം എന്നുടെ ഭക്ഷണ-
ലീലാവിധം ഇദം എന്നൊരുവിപ്രൻ.
മൂത്തുനരച്ചൊരു കുമ്പളഫലവും
മത്തനും ഒന്നു പറിച്ചൊരുകറിവ-
ച്ചെത്രയും ഇഷ്ടം എനിക്കതുതന്നാൽ
സത്രം വിസ്മയം എന്നൊരുവിപ്രൻ.
ഓലോലക്കറി ചിതമാമ്പച്ചാൽ

പാലോട്ടുക്കും ഇതെന്നു വടക്കൻ-
മാലോകർക്കൊരു പക്ഷം; അതിവിടെ
കാലോചിതതരം എന്നൊരുവിപ്രൻ.
പച്ചടികൊണ്ടും കിച്ചടികൊണ്ടും,
കച്ചുതുകൊണ്ടും പുളിച്ചതുകൊണ്ടും
എരിച്ചതു മധു മധുരിച്ചതുമെല്ലാം
വച്ചതശേഷം ഹിതം എന്നൊരുവൻ.
വെരുകിൻകടയും ചെറുകടലാടിയും
അയമോദകവും കൂട്ടിയരച്ചൊരു
മുക്കുടിവച്ചുതരേണം എനിക്കരി-
ശസ്സു ശമിപ്പാൻ എന്നൊരുവിപ്രൻ.
പിത്തംകൊണ്ടു വലഞ്ഞുനമുക്കതി-
നെന്തൊരുമുക്കുടി കൊടവനും ഇഞ്ചിയും
ഉത്തമമായതു മോരിൽഅരച്ചതി-
കത്തിജ്ജീരകം ഇട്ടുകലന്നൊരു
കുത്തിലകുത്തി അവററിൽ ഒഴിച്ചു
തരത്തിൽ ചൂടു ശമിപ്പിച്ചെൻെറ
കരത്തിൽ തന്നാൽ ആയതുമങ്ങു
ചെലുത്തിക്കൊള്ളുമഹം എന്നൊരുവൻ.
പുളിയാരിലയും മാവിൻതളിരും
പുളിവേർ മാതളനാരങ്ങായും
പൊളിയല്ലീവക കൊണ്ടൊരുമുക്കുടി
തെളിവൊടുവേണം എനിക്കെന്നൊരുവൻ.
കാച്ചിയമോരിൽ നവായസഗുളിക
പൊടിച്ചുകലക്കിത്തരണം ഇതങ്ങു

കടിച്ചെന്നാൽ ഇരുനാഴിച്ചോറു
ഭുജിച്ചീടാം ഇനി എന്നൊരുവിപ്രൻ.
ഇത്തരം അനവധി വിപ്രന്മാരുടെ
ചിത്തരസത്തെസ്സാധിപ്പിപ്പാൻ
പാത്രമതായൊരു പാർഷതിനല്ലൊരു
പാത്രം അവൾക്കു ലഭിക്ക നിമിത്തം
മുക്കുടിയുംപലപൊടിയും ഗുളികയും
ഒക്കയും ഓൎക്കുന്നേരത്തുണ്ടാം.
അന്തണവരരുടെ ഭക്ഷണം ഇങ്ങനെ
ഹന്ത! സുഖേന കഴിഞ്ഞൊരു സമയേ
ഭൎത്താക്കന്മാരെവരെയും പുനർ
അത്യാദരവോടെയഷ്ടി കഴിപ്പി-
ച്ചുത്തമഗാമിനിയാം അവളും താനും
സത്വരം അങ്ങു ഭുജിച്ചുവസിച്ചു.
മിത്രവരത്തെക്കൊണ്ടുലഭിച്ചൊരു
പാത്രത്തിന്റെ മഹത്വം ഇതെന്നു
വിപ്രന്മാരും അറിഞ്ഞുപതുക്കെ,
തൽപ്രിയസുഖമൊടു തത്രവസിച്ചു.
ഹസ്തിരഥാദിസമൃദ്ധത പെരുകമൊ-
രസ്തിനപുരിയിൽ പരിചൊടുവാഴും
ദുൎയ്യോധനനും ദുശ്ശാസനനും
ദുൎവ്വാരിഷനും ദുൎദ്ധൎഷണനും
ദുൎമ്മേധാവും ദുൎമ്മോദനനും
മിത്രങ്ങളുമായവരുടെ നല്ല ക-
ളത്രങ്ങളുമായതി സുഖമോടെ

ചിത്തവിനോദത്തോടും പലപല
രാത്രിദിനങ്ങൾ കഴിഞ്ഞൊരുസമയേ,
പെരുവഴിയൂട്ടിന്നു ചന്നുകിടക്കും
പെരുവഴിപോക്കർ പറഞ്ഞുതുടങ്ങി:—
'താൻ എങ്ങിന്നു വരുന്നതുവിപ്രാ?'
'ഞാൻ എന്നുടെ ദിശിയിന്നു വരുന്നു.'
'തന്നുടെ ദിശിപുനർ എന്തുവിശേഷം?'
'എന്നുടെ പുരിബത നല്ലവിശേഷം.'
'ഇത്രകാലംതാൻ എവിടെവസിച്ചു?'
'ഇത്രകാലംഞാൻ കാട്ടിൽ വസിച്ചു.'
'കാട്ടിൽ ഇരുന്നാൽ ഭക്ഷണം എങ്ങനെ?'
'നാട്ടിൽ ഇരുന്നാൽ ഭക്ഷണം എങ്ങനെ?'
'നാട്ടിൽ പലേടവും ഊട്ടുണ്ടല്ലോ:'
'കാട്ടിലും ഇപ്പോൾ ഊട്ടുതുടങ്ങി.'
'എന്തീവണ്ണം ഇതാരുടെ ധൎമ്മം?'
'കുന്തീതനയന്മാരുടെ ധൎമ്മം.'
"അയ്യോ ഭോഷ്കു പറഞ്ഞു മതിമതി!
ദുൎയ്യോധനനൊടു ചൂതിൽതോററു
നാടും നഗരവും അങ്കംചുങ്കം
വീടുംകുടികളും എന്നിവയെല്ലാം
പാടെയുപേക്ഷിച്ചങ്ങുവസിപ്പവർ
ഇന്നു നിനച്ചാൽ ഊട്ടുകഴിപ്പാൻ
എന്തൊരുമുതൽ അവർപക്കൽ ഇരിപ്പൂ?
ഹന്തഭവാൻ ഒരു കുരളുപറഞ്ഞു
ചിന്തിച്ചാൽ ഇഹ തിരിയാ വിവിധം."
"കുരളുപറഞ്ഞു ഫലിപ്പിക്കുന്നൊരു

പുരുഷൻ ഞാനല്ലെന്നുടെ വിപ്രാ."
കുന്തീതനയരും എൺപതിനായിരം
അന്തണവരരും കൂടിച്ചേൎന്നൊരു
കാന്താരത്തിൽ അകംപുക്കധികം
സന്താപപ്പെട്ടുഴലുന്നേരം
കുന്തീതനയന്മാർ ദിനകരനെ
ചിന്തിച്ചാശു തപസ്സുതുടങ്ങി;
കാന്ത്യാമോഹനൻ ആകിയ സൂൎയ്യനും
അന്തികസീമനി വന്നുവിളങ്ങി.
ശാസ്ത്രംകൊണ്ടും ദുർഗ്രഹമാകിന
ഗാത്രംപൂണ്ട ദിനേശൻ അവൎക്കൊരു
പാത്രം ദാനംചെയ്തു വിശേഷം
മാത്രംകേട്ടു,മഹിസുരവരരേ!:—
എന്തോവസ്തുലഭിക്കേണം എന്നാൽ
കുന്തികുമാരന്മാൎക്കതു സൎവ്വം
ചന്തം ഇയന്ന ചരക്കിൽ കാണാം
എന്തൊരുവിസ്മയം!, അസ്മാദികളേ.
ചോറുംകറിയും ചാറും പുളിയും
നൂറുസഹസ്രം ജനം എന്നാലും
ചോറുകൊടുപ്പാൻ തടവില്ലേതും;
ഭൂപതിമാരുടെ വല്ലഭയാകും
ദ്രൗപദിവേണം അതൊക്കെ വിളമ്പാൻ;
കൊററു കഴിഞ്ഞവർ പോന്നാൽ പിന്നൊരു
വററും അവററിൽ കാണുകയില്ല.
പോററികൾ അന്തിക്കവിടെ ചെന്നാൽ
മാററികൾ എന്നൊരു പേരും കിട്ടും;

ന്നററവർ ചെയ്യോരു കള്ളച്ചൂതിൽ
തോററുവനത്തിൽ ഇരിക്കുന്നവരുടെ
ക്രൂററിന്നു പറകില്ലിന്ദ്രനും അതിലി-
ന്നേററം വിരുതുവിശേഷിച്ചില്ല.''

പെരുവഴിപോക്കരും ഒരുവഴി ശ്രുഢം
ഇരുന്നു പറഞ്ഞോരു വാക്കുകൾ കേട്ടു
കരുപതിസൂനുസുയോധനനുള്ളിൽ
ഒരു തരം അധികം അസൂയമുഴുത്തു.
"അമ്മാവൻ പുനരിങ്ങു വരേണം,
ധർമ്മാത്മജനും സഹജന്മാരും
നമ്മെക്കാൾ സുഖം ആയിട്ടടവിയിൽ
ധർമ്മം ചെയ്തിയലുന്നതുപോലും,
സൂര്യൻ അവർക്കൊരു പാത്രം നല്കി;
കാര്യം അവർക്കു കണക്കിന്നു കൂടി;
നിരുപമമാകിന പാത്രേ മനസിൽ
നിരുപിക്കുന്നതശേഷവും ഉണ്ടാം.
കർണാ നിന്നുടെ താതൻ സൂര്യൻ
ഇവണ്ണം അവർക്കു സഹായം ചെയ്വാൻ
എന്തവകാശം? മകനെക്കുറു-
ണ്ടെങ്കിൽ അതങ്ങനെ ചെയ്കയും ഇല്ല;
പട്ടികൾ പോൽ അവർ കാട്ടിൻനടുവിൽ
പട്ടിണിയിട്ടുകിടന്നുഴൽവാനായി
പെട്ടന്നങ്ങനെ മനസ്സിൽ വിചാരി
ച്ചിട്ടിഹ ചെയ്തോരു കൈതവകർമ്മം
ഒട്ടും ഹന്ത! ഫലിച്ചതും ഇല്ലാ;
പെട്ടെന്നിനിയും വന്നവർ ചാടും

രാജ്യം പാതികൊടുക്കണംഎന്നാ
പൂജ്യന്മാരു വിധിച്ചു തുടങ്ങും;
യോഗ്യം ഇതെന്നും അയോഗ്യംഇതെന്നും
പൂജ്യന്മാൎക്കു വിചാരവും ഇല്ലാ;
നമ്മുടെചോറുണ്ണുന്ന ജനത്തിനു
നമ്മെക്കുറു തരിമ്പില്ലിപ്പോൾ;
ധൎമ്മാത്മജനുടെ പക്ഷക്കാർ ഇവർ
നമ്മെപ്പേടിച്ചുരിയാടാതെ
ചുമ്മാപാൎക്കുന്നതു കള്ളന്മാർ;
അമ്മാവനും ഇതറിഞ്ഞിട്ടല്ലേ?
നമ്മുടെ കാൎയ്യക്കാരന്മാരിൽ അ-
ഹമ്മതി കൂടാതുള്ളവർ ഇല്ലാ;
ഉമ്മാൻ വകയില്ലാത്തവർമുന്നം
ധൎമ്മക്കഞ്ഞി കുടിച്ചു കിടന്നു;
നമ്മുടെ ശ്രദ്ധത കൊണ്ടു വരുത്തി
സ്സമ്മാനിച്ചു സമീപത്താക്കി
ചെമ്മെവാളുകൊടുത്താൽ പിന്നെ
നമ്മെക്കാൾ ഒരു പൌരുഷംഏറും;
എന്തിനു പലവഴി ഫലമില്ലാത്തതു
ചിന്തിക്കുന്നിതു സഹജന്മാരേ!
കുന്തീസുതരുടെ സദ്യമുടക്കാൻ
എന്തൊരുപായം എടുക്കേണ്ടുന്നതു?
ഭോജനസാധനം ഉണ്ടാകുന്നൊരു
ഭാജനം ആശു നശിപ്പാൻ ഒരുവഴി
ഉണ്ടായ്വരുമോ മാതുലൻ ഓൎത്താൽ
ഉചിതം അതിപ്പോൾ ചെയ്യെന്നാകിൽ?

ഇതിമനസിചിന്തയാ ഹന്ത ദുൎയ്യോധനൻ
കൃതി ശകുനി കൎണ്ണനും തത്രമേവും വിധൗ
സപദി പതിനായിരം ശിഷ്യരും താനുമായ്
സകലദിശി സഞ്ചരിക്കുന്ന യോഗീശ്വരൻ
ദുരിതഹരദൎശനൻ ദുൎവ്വാസതാപസൻ
ത്വരിതം ഇഹ മന്ദിരേ വന്നു കേറീടിനാൻ.
സകലകനകാസനം നല്കി ഇരുത്തിനാൽ
വചനം ഇദം ഓതിനാൻ വാരിജാരിപ്രിയൻ:—
"ഹരിഹരസമൻ ഭവാൻ അത്ര ഗമിക്കയാൽ
കരിപുരം ഇതെത്രയും ശുദ്ധമായീ ദൃഢം;
വിരവൊടു ഭവാൻ ഇനി സ്നാനകൎമ്മാദിയും
വിധിവിഹിതം ഒക്കെയും ചെയ്തു വന്നാദരാൽ
സരസം ഇഹ ഭിക്ഷചെയ്തീട വേണം ഭവാൻ."
ഇതിനൃപതിഭാഷിതം കേട്ടു യോഗീശ്വരൻ
മതിതളിർ തെളിഞ്ഞു തൻശിഷ്യരോടും മുനി
വിരവൊടു കുളിച്ചു തൻ ദേവകാൎയ്യങ്ങളും
പരമശിവപൂജയും ചെയ്തു വാണീടിനാൻ.
പൊന്നുംതളികകൾ ഒരു പതിനായിരം
ഒന്നു വിശേഷിച്ചതു രമണീയം;
സ്വൎണ്ണക്കോരിക കൊണ്ടതിൽ എല്ലാം
അന്നം വെളുവെളെയങ്ങു വിളമ്പി;
ഭിക്ഷയ്ക്കുള്ള പദാൎത്ഥം അശേഷം
ശിക്ഷയിൽ വട്ടം കൂട്ടി; മുനീശൻ
തൽക്ഷണം അനവധി ശിഷ്യന്മാരുമായി
ഭക്ഷണം അങ്ങു കഴിഞ്ഞൊരു സമയേ
ശ്രീദുൎവ്വാസ മുനീശ്വരൻ അപ്പോൾ
പ്രീതിമുഴുത്തുടൻ അരുളിച്ചെയ്തു:—

“ഭദ്രം ഭവതു സുയോധന നമ്മുടെ
ഭക്ഷണം എത്ര മനോഹരമായി;
സമ്മാനിപ്പാൻ നിന്നെപ്പോൽ ഒരു
ധർമ്മികർ ഇല്ലിതു ബോധിച്ചാലും;
എന്നാൽ ഇനി ഞാൻ പോകുന്നു തവ
നന്നായ്വരും” എന്നരുളിച്ചെയ്തു.
കേട്ടു വണങ്ങിനദുര്യോധനനും
കേവലം ആഗ്രഹം ഒന്നറിയിച്ചു:—
“ജ്യേഷ്ഠൻനമ്മുടെ ധർമ്മതനുജൻ
കാട്ടിൽ ഇരുന്നു തപംചെയ്യുന്നു;
നാട്ടിൽ ഇരുന്നാൽ നാടു ഭരിപ്പാൻ
നമ്മുടെ ജ്യേഷ്ഠനൊരാഗ്രഹം ഇല്ല.
അഞ്ചുവെളുപ്പിന്നേററുകുളിക്കണം,
അഞ്ചാതൊരു വിജനത്തിൽ ഇരിക്കണം,
ഉച്ചയ്ക്കൊരുകുളി യന്തിയ്ക്കൊരു കുളി
നിത്യവും ഇങ്ങനെ ജ്യേഷ്ഠനു നേമം;
ഹോമം ജപവും പുഷ്പാഞ്ജലിയും
നാമജപങ്ങൾ നമസ്കാരങ്ങളും
ഇങ്ങനെ കഴിയും രാവും പകലും;
എങ്ങനെ കാര്യം ക്ലേശിക്കുന്നു!
ബഹുജനന്മാരെക്കണ്ടാൽ ദേഹം അ-
ശുദ്ധം, അതൊന്നു കുളിച്ചേ പോവൂ.
ശുദ്ധപ്പരിഷകൾ അകലെപ്പോണം;
ശുദ്ധിവരുത്തിവരുത്തിത്തന്നുടെ
ബുദ്ധിയ്ക്കൊരുവെളിവല്ലാതായ,തു
വർദ്ധിക്കേ പുനരുള്ളു മുനീന്ദ്ര!
എന്നതുകാരണം ഇവിടെ വസിച്ചാൽ

തന്നുടെ ദിനകൃത്യങ്ങൾ മുടങ്ങും.
'ഉണ്ണീവരിക സുയോധന നീയും
കർണ്ണനും അമ്മാവനുമായ് നമ്മുടെ
നാട്ടും നഗരവും അങ്കം ചുങ്കം
വീടും കുടികളും എന്നിവയെല്ലാം
ക്ലേശിച്ചിവിടെ വസിക്ക; നമുക്കിതു
ക്ലേശിപ്പാൻ എളുതല്ലെ'ന്നിങ്ങനെ
നമ്മുടെ ജ്യേഷ്ഠൻ നമ്മോടു കല്പി-
ച്ചുണ്ടു വനത്തിനു യാത്രയുമായി;
അങ്ങനെ ജ്യേഷ്ഠൻ കല്പിച്ചാൽ പുനർ
എങ്ങനെ യടിയൻ ഉപേക്ഷിക്കേണ്ടു?
ഭീമജ്യേഷ്ഠനും എളുതല്ലിപ്പോൾ
ഭൂമിയെരക്ഷിപ്പാൻ; അതുകൊണ്ടു
ഭാരം ഇതെല്ലാം ഇങ്ങു പിണഞ്ഞു;
നേരംപോക്കില്ലിതുപരമാൎത്ഥം.
ജ്യേഷ്ഠനും അനുജന്മാരവർനാല്വർ
ജ്യേഷ്ഠത്തിയുമായ് കാട്ടിൽ പോയി.
രാത്രി വിനോദത്തിന്നൊരു പന്തി
ശാസ്ത്രിബ്രാഹ്മണർ കൂടെപ്പോയി.
കാട്ടിൽ ഇരിക്കും പരിഷയെല്ലാം
ഊട്ടിന്നു വേണ്ടും സാധനം എല്ലാം
അരിയും മോരും തൈരും പഴവും
കറിവെപ്പാനുള്ളില കുലയെല്ലാം
മടികൂടാതെ സകലവും അവിടെ-
ക്കടിയൻതന്നെ കൊടുത്തുവിടുന്നു.
നിൻതിരുവടിയും ശിഷ്യന്മാരായി
കുന്തികുമാരൻ വസിക്കും വനമതിൽ
വെക്കം എഴുന്നള്ളേണം, ഇതവരുടെ
സൽക്കാരം ബഹുമാനിക്കേണം
നിൎമ്മലമാകിന സോമകുലത്തിനു

ധർമ്മജൻ അല്ലോ നായകനായതു;
അദ്ദേഹത്തെ അനുഗ്രഹിയാഞ്ഞാൽ
അടിയങ്ങൾക്കതു മതിയാകില്ല.
അവിടെസ്സരസം എഴുന്നള്ളിപ്പുനർ
അവരുടെ സമ്മാനത്തെ ലഭിച്ചുടൻ
അവരെയനുഗ്രഹമേകുമതിന്നവ-
കാശംവരും എന്നാകിൽ ഇദാനീം.
ഏറിയ വിപ്രജനങ്ങൾക്കെല്ലാം
ചോറുവിളമ്പിദണ്ഡിക്കുന്നിതു
ദ്രൗപദിതാൻ എന്നുള്ളതുകേട്ടു;
ഭൂപതികല്പനയങ്ങനെപോലും.
എന്നാൽ അവളുടെ ഭക്ഷണം അങ്ങു
കഴിഞ്ഞെയവിടെ എഴുന്നള്ളാവൂ;
അല്ലെന്നാകിൽ വിശന്നു വലഞ്ഞവൾ
എല്ലാവർക്കും വേണ്ടും വണ്ണം
വെച്ചുവിളമ്പിദ്ദണ്ഡിക്കാനും
കൊച്ചുകുട്ടംബിനിയാളാകില്ല.
കുളി തേവാരം മറെറാരുദിക്കിൽ
തെളിവൊടു നിങ്ങൾ കഴിച്ചുംകൊണ്ടു്
കിളിമൊഴിയാളുടെ കൊററുകഴിഞ്ഞെ
ന്നുളവേകണ്ടാൽ അവിടെച്ചെല്ലാം."

ഇത്ഥം പറഞ്ഞു കുരുപുത്രൻെറ കൈതവത്താൽ
ശുദ്ധം മുനീന്ദ്രൻ അപ്പോൾ തത്ത്വം വിചാരിച്ചില്ല.
സത്യം എന്നോർത്തുകൊണ്ടത്യന്ത മോദത്തോടും
യാത്രയും ചൊല്ലി മെല്ലേ യാത്രതുടങ്ങിത്തൻെറ
ശിഷ്യന്മാരോടുകൂടി തുഷ്ട്യാ നടന്നു പല
കാട്ടും മലയും കുന്നും തോട്ടും കടന്നു സുഖം
ആട്ടും മയിലുകളും പാട്ടും കുയിലുകളും
ഓട്ടും മുയലുകളും ചാട്ടും മക്കടങ്ങളും

ഓട്ടം വരാഹങ്ങളും മാനും മഹിഷങ്ങൾ
ചെന്നായും നൽസിംഹങ്ങളും
രാവും പകലും ഇരുട്ടായ ദിക്കുകളും.
ഇങ്ങനെയുള്ള പ്രദേശം അശേഷവും
അങ്ങുനടന്നു കടന്നു മുനിന്ദ്രൻ
കുന്തികുമാരർ വസിക്കും വനമതിൽ
അന്തികസീമനി ചെന്നുപത്തുക്കെ
ദിവ്യൻ മുനികുലവര്യൻതന്നുടെ
ദിവ്യമതാകിന നേത്രം കൊണ്ടു
സൂക്ഷിച്ചപ്പോൾ ദ്രൗപദിതന്നുടെ
ഭക്ഷണം അങ്ങുകഴിഞ്ഞതറിഞ്ഞു.
ലക്ഷണമുള്ളജനത്തിനു തത്ത്വ-
നിരീക്ഷണം എന്നതിനെന്തൊരുദണ്ഡം?
പത്തുസഹസ്രം ശിഷ്യന്മാരൊട്ടും
ഒത്തു മഹാമുനിദുർവ്വാസാവു
മന്നവവരനാം ധർമ്മാത്മജനുടെ
മുന്നിൽ എഴുന്നള്ളീടിന സമയേ,
ശീഘ്രം നരപതി ധർമ്മതനൂജൻ
ദീർഘനമസ്കൃതി ചെയ്തു വണങ്ങി.
അന്തണരും പുനരൻപതിനായിരം
അന്തികസീമനി ചെയ്തുവണങ്ങി.
നിർമ്മലമാനസൻ ആകിന ഭൂപതി
ധർമ്മതനൂജൻ തൊഴുതുരചെയ്തു:—
"ആനന്ദാമലമൂർത്തേ ഭവന്തഃ
സ്നാനംചെയ്തുവരാൻ എഴുന്നെള്ളാം.
പാനം ഭോജനം എന്നിവകൊണ്ടൊരു

ദീനം അശേഷം ഒഴിഞ്ഞല്ലാതെ,
കുശലപ്രശ്നം തരമല്ലിപ്പോൾ,
അശനാനന്തരം അല്ലോ ഉചിതം''!
നരപതിവാക്കുകൾ കേട്ടു മുനീന്ദ്രൻ
വിരവോടു ശിഷ്യസമൂഹത്തോടും
ഗിരിവരനദിയിൽ സ്നാനം ചെയ്വാൻ
പരിചിനൊടങ്ങു ഗമിച്ചൊരുശേഷം,
ഭൂപതിവരനാം ധർമ്മതനൂജൻ
ദ്രൗപദിയോടു വിളിച്ചുരുൾചെയ്തു:—
"പാഞ്ചാലാധിപതനയേ, നമ്മുടെ
വാഞ്ഛിത ഇപ്പോൾ അഖിലംവന്നു.
ശ്രീദുർവാസാവെന്നു പ്രസിദ്ധൻ
ശ്രീപതിഭക്തജനങ്ങളിൽ മുൻപൻ
പത്തുസഹസ്രം ശിഷ്യന്മാർക്കും
ക്ഷുത്തുംദാഹവും അധികം അവർക്കും;
നമ്മുടെ സുകൃതം കാരണം അവരെ
സമ്മാനിപ്പാൻ സംഗതിവന്നു;
സ്നാനം ചെയ്തിഹ വെക്കംവരുവാൻ
ഞാൻ അങ്ങവർകളെ യാത്രയുമാക്കി
തേവാരത്തിനു പൂവുംചന്ദനം
ഈവകയൊക്കെ ഒരുക്കീടേണം;
നൈവേദ്യത്തിനു പാല്പായസവും
നെയ്യും ശർക്കര കദളിപ്പഴവും
ഭിക്ഷയ്ക്കുള്ള പദാർത്ഥം അശേഷം
ശിക്ഷയിൽ വട്ടം കൂട്ടീടേണം.
നലമൊടുശിഷ്യന്മാർക്കുംസാദരം
ഇലയും വച്ചിഹ പാർത്തീടേണം.''

കല്പനയിപ്പടി കേട്ടമനസ്സിൽ
തീപ്പിടിപെട്ടകണക്കേ ദ്രൗപദി
തന്നുടെപതിയെ തൊഴുതുകൊണ്ടു
നിന്നു വിറച്ചു പറഞ്ഞുതുടങ്ങി:—

"അയ്യോകഷ്ടം! ഒരുമളിപിണഞ്ഞു,
പൊയ്യല്ലെന്നുടെ ഭുക്തികഴിഞ്ഞു
ഇനിയൊരു വസ്തുവും ഇട്ടിവിസം മമ
ജനിയാ; ശിവശിവ കിം കരണീയം?
കോപശരീരനതാകിയ മാമുനി
ശാപമാഹാഗ്നിയിൽ നമ്മുടെവംശം
സപദി ശപിച്ചിഹ ഭസ്മമതാക്കും;
വ്യവസിതം,അയ്യോ!, സർവ്വവിനാശം;
ദുർവ്വാസാവു ശപിച്ചാൽ പിന്നൊരു
നിർവ്വാഹവും ഇല്ലെന്നുടെ കാന്ത!
തരസാപണ്ടൊരു മാലനിമിത്തം
സുരസംഘത്തേ സപദി ശപിച്ചു
ജരയുംനരയും പൂണ്ടവരെല്ലാം
നരകക്കുഴിയിൽ ബഹുബഹുകാലം.
അങ്ങനെയുള്ളൊരു ദുർവ്വാസാവിനെ
ഇങ്ങനെയാക്കി തീർത്തതിനിപ്പോഠം
എങ്ങനെയിനിഞാൻ വേണ്ടുവിധാനീം?"

ഇങ്ങനെ കണ്ണുമടച്ചു കൃശോദരി
തിങ്ങിനവേദനയോടുംകൂടി
മംഗലമൂർത്തി മുകുന്ദനെയങ്ങവരം
മങ്ങാതൻപൊടു സേവതുടങ്ങി:—

ദുഃഖകണ്ഠാരരാഗം—ചമ്പതാളം.

ഹാഹാമുകുന്ദമമ മോഹാംബുരാശിയുടെ
മാഹാത്മ്യം എന്തു തവ ദീനബന്ധോ!
ദുശ്ശാസനൻപണ്ടു ദൂഷണം ചെയ്തതൊഴിൽ,
വിശ്വനാഥാ, ബത കഠിനം! അതികഠിനം!
അന്നുതവകരുണകൊണ്ടു നിന്നുപൊറുത്തടിയൻ
ഇന്നും അതിലധികമായ് വന്നുവല്ലോ!
രാധാപതെ നിരാധാരയാകും എന്റെ
ബാധയൊഴിച്ചരുൾകവാസുദേവ!
പാഹിപാഹി പങ്കജാക്ഷ! പാഹിപാഹിപത്മേക്ഷണ!
പാഹി പാഹി പത്മാകാന്ത!പാലയശൌരേ"
ഇങ്ങനെ കണ്ണും അടച്ചു കൃശോദരി
തിങ്ങിന വേദനയോടും കൂടി
മംഗലമൂൎത്തിമുകുന്ദനെയങ്ങവൾ
മങ്ങാതൻപൊടു സേവിച്ചപ്പോൾ
നന്ദാത്മജനായുള്ള മുകുന്ദൻ
വന്നവളോടിദം അരുൾ ചെയ്തു:—

വേകടരാഗം — മുറിയടന്തതാളം.

കൃഷ്ണൻ—"വാരണഗാമിനി, ഭാമിനി, പാഞ്ചാലി,
വാരിജചാരുമുഖി, മമ
പാരം വിശക്കുന്നു പാത്രത്തിൽ ഏതാനും
ഉണ്ടെങ്കിൽ തന്നാലും നീ.
ക്ഷുത്തുശമിപ്പിച്ചയക്കേണമെന്നെ നീ
ഉത്തമരാജത്മജെ എനി-
ക്കത്താഴമുമ്മാൻ കഴി വന്നില്ലിന്നാലെ;
സത്യം പറയുന്നു ഞാൻ.

വെള്ളം കൂടിയാഞ്ഞെൻവുള്ളം ഉരുകുന്നു
കള്ളം പറകയില്ലെടോ എന്നി–
ക്കള്ള ചോറു തന്നാൽ മതി പിന്നെ ശേഷം ഞാൻ
വെള്ളം കുടിച്ചു കൊള്ളാം.''
ദ്രൗപദി—''നന്ദകുമാരക, ഇന്ദീവരേക്ഷണ,
ഇന്നു ഞാൻ ഭക്ഷിച്ചു പോയിന്നിനി
അന്നം ഇപ്പാത്രത്തിൽ ഉണ്ടാവ്വരികയി–
ല്ലെന്നു ദിനേശവാക്യം.''
കൃഷ്ണൻ—''പാത്രം എടുത്തിങ്ങുകൊണ്ടു വരിക നീ
പാർഷതി വൈകീടാതെ;
അത്രമാത്രമെന്നാകിലും അന്നം അ–
വററിൽ ഉണ്ടായ്വരുമേ നിശ്ചയം.''

പാത്രം എടുത്തവൾ നോക്കുന്ന നേരത്തു
പററിക്കിടന്നീടുന്ന ശാകപത്രംഎടുത്തു.
ഭുജിച്ചു ജലവും കുടിച്ചു ഗമിച്ചു കൃഷ്ണൻ.

''പാത്രേ പററിയ ചീരയിലക്കറി
മാത്രം എടുത്തു ഭുജിച്ചു മുകുന്ദൻ
യാത്രയും അരുൾ ചെയ്യാതെ ഗമിച്ചതും
ഓർത്താൽ എന്നുടെ ദുരിതം തന്നെ.
ഭർത്താവവരെ സ്നാനം ചെയ്വാൻ
യാത്രയയച്ചതും ഓർത്താൽ ഉചിതം.
ക്ഷേത്രോപാസികൾ ഇവിടെ വരുമ്പോൾ
പാത്രേ ഭോജനം ഒന്നും നാസ്തി.
ഗോത്രാരിപ്രതിമൻ മുകിൽവർണ്ണൻ
മാത്രം രക്ഷേന്മാം ഇവിടധുനാ''

ഏവഞ്ചിന്തിച്ചുടനെ ദ്രൗപദി
താപം പൂണ്ടു വസിക്കും സമയേ.
തദനുമുനിപുംഗവൻ ശിഷ്യരോടുംമുദാ
വനനദിയിൽ നിന്നു കുളിച്ചു പൊങ്ങും വിധൗ
സപദിബഹുഭക്തികൊണ്ടത്യന്തതൃപ്തരായി
മാമുനീന്ദ്രന്മാക്കിതെന്തൊരു വിസ്മയം.
മധുരരസം അന്നവും പൂവൻപഴങ്ങളും
മതിതളിർ തെളിഞ്ഞു നല്പാല്പായസങ്ങളും
കറിപലതുംഅഥദധിയുംഅധികംഅവർകുക്ഷിയിൽ
മാനസാനന്ദം കിളമ്പിത്തുടങ്ങിനാർ.
അതിചപലദുരിതമതി ദുര്യോധനൻ തന്റെ
കൈതവം ഹേതുവാൽ മാധവൻ മായകൾ.
അതികപടദുഷ്ടരാം ധാർത്തരാഷ്ട്രാദികൾ
നഷ്ടമാകെന്നു ശപിച്ചു മുനീന്ദ്രനും.
അതുപൊഴുതു യമനിയമാനന്ദമൂർത്തിയും
പാണ്ഡവന്മാർപർണ്ണശാലാഗതരായി
പാർത്ഥിവമകുടശിരോമണിധർമ്മജൻ
ആർത്തിയോടും നിജസോദരരോടും.
ഭാമിനിയോടും മാമുനിതന്നുടെ
കഴലിണ ഭൂമിയിൽ വീണു വണങ്ങി.
കാരുണ്യാംബുധിയാം മുനിവരനും
ഭാരതഭൂപതിതന്നുടെ മുടിയിൽ
പരമാനന്ദം അനുഗ്രഹമേകി,
പരമേശാത്മഭവൻ ഇദം അരുൾ ചെയ്തു:—
"തുംഗപരാക്രമരാശേ നൃപവര
മംഗളം ആശു ഭവിക്ക നിനക്കു.

മങ്ഗളമൂൎത്തി മുകുന്ദനു നിങ്ങളിൽ
അങ്ങുളവാകിയ വാത്സല്യത്താൽ
ഇംഗിതം ഒക്കെ ലഭിച്ചെന്നുള്ളതും
ഇങ്ങു ധരിച്ചേൻ ധൎമ്മതനൂജ!
പതിവ്രതയാളേ പാഞ്ചാലീ! അവർ
ചതിവു പറഞ്ഞതറിഞ്ഞില്ലേ ഞാൻ;
‘സോമകുലാവനിരമണന്മാരുടെ
കാമവിലോലിതം ആശു ലഭിക്കെ’-
ന്നാമോദം വരുമാറരുൾ ചെയ്തു.
താമസം എന്ന്യേ യാത്ര പറഞ്ഞു.
ശിഷ്യന്മാരൊടും ഒരുമിച്ചമ്മുനി
തുഷ്യൻമെല്ലെ മറഞ്ഞാൻ അപ്പോൾ.

---

ഇതിശം.

## അൎത്ഥവിവരണം.

[ഇതിൽ പത്തുപ്പത്തു വരികളെ ഒന്നായിചേൎത്തു് നംബർ സൂചിപ്പിച്ചിരിക്കുന്നു. ഓരോ പദവും ഏതു വരിയിൽ ആണെന്നു എല്ലായിടത്തുംകാണിച്ചിട്ടില്ല. ഉ-ം '൧൧'-എന്നു എഴുതിയിരുന്നാൽ ൧൧ മുതൽ ൨൦ വരെ വരികളിലെ പദങ്ങളുടെ അൎത്ഥം അതിനെ തുടൎന്നു ചേൎത്തിരിക്കുന്നുണ്ടെന്നു ഗ്രഹിച്ചുകൊൾക.]

൧. ധൎമ്മപരായണ മാനസൻ—ധൎമ്മത്തിൽ താൽപൎയ്യമുള്ള മാനസം (മനസ്സ്) ഉള്ളവൻ. 'ധൎമ്മം' എന്നാൽ ഒരുത്തൻ ചെയ്യേതീരു എന്നുള്ള പ്രവൃത്തിയാകുന്നു. ഏതേതുപ്രവൃത്തികൾ ഒരുത്തൻ ചെയ്യേതീരു എന്നു ശാസ്ത്രങ്ങളിൽ വിധിച്ചിട്ടുണ്ടോ അവ ചെയ്യുന്നതും ഏതേതു ചെയ്യരുതു എന്നു വിലക്കീട്ടുണ്ടോ അവ ചെയ്യാതിരിക്കുന്നതും ധൎമ്മം എന്ന പദത്തിൽ ഉൾപ്പെടുന്നു. 'ധൎമ്മം' എന്നാൽ 'പിച്ചകൊടുക്കുക' ആണെന്നു വ്യവഹാര ഭാഷയിൽ അൎത്ഥം ഉണ്ടു്. പിച്ചകൊടുക്കൽ ധൎമ്മത്തിന്റെ ഒരുവിധമേയാകുന്നൊള്ളൂ. "ധൎമ്മോസ്മൽ കുലദൈവതം" എന്ന തിരുവിതാംകോട്ടു രാജവംശത്തിലെ മുദ്രാവാക്യത്തിൽ 'ധൎമ്മം' എന്ന പദത്തെ ഇംഗ്ലീഷിൽ 'Charity' എന്നു വിവൎത്തനം ചെയ്തിരിക്കുന്നതു് ഈ ക്രമത്തിനു ശരിയല്ല.

ധൎമ്മാത്മജൻ—പാണ്ഡുവിന്റെ ഭാൎയ്യയായ കുന്തീദേവി യമധൎമ്മരാജാവിനെ സേവിച്ചു് ഉണ്ടായ പുത്രൻ ആണു് യുധിഷ്ഠിരൻ; അതുകൊണ്ടു് ധൎമ്മാത്മജൻ (ധൎമ്മന്റെ പുത്രൻ) എന്നപേരു അദ്ദേഹത്തിനു സിദ്ധിച്ചു. അതുപോലെ വായുദേവനെ സേവിച്ചുണ്ടായ പുത്രനായ

ഭീമന്ന വായുപുത്രൻ എന്ന അൎത്ഥത്തിൽ 'പവനാത്മജൻ' എന്നും ഇന്ദ്രനെ സേവിച്ചു ഉണ്ടായ പുത്രനായ അൎജ്ജുനന്നു ഇന്ദ്രപുത്രൻ എന്നും പേരുകൾ സിദ്ധിച്ചു. ആത്മജൻ—പുത്രൻ; പവനൻ—വായു, സകലത്തെയും ശുദ്ധമാക്കുന്ന ഗുണം വായുവിന്ന ഉള്ളതുകൊണ്ടു ഈ നാമം ജനിച്ചു. അജ്ജനം—ആ + ജനം, ഇതിൽ സന്ധിയിൽ 'ദ്വിത്വം' വന്നിരിക്കുന്നതു സൂക്ഷിക്കുക; ഐവർ-അഞ്ചുപേർ, അവരുടെഭാൎയ്യ—അഞ്ചുപേൎക്കും ഭാൎയ്യയായ ദ്രൗപദി, ദ്രുപദന്റെ പുത്രി എന്നൎത്ഥത്തിൽ ദ്രൗപദി എന്നും, പാഞ്ചാലദേശത്തിലെ രാജാവു എന്ന അൎത്ഥത്തിൽ പാഞ്ചാലന്റെ പുത്രിയാകയാൽ പാഞ്ചാലി എന്നും, പൃഷത(ദ്രുപദൻ)ന്റെ പുത്രി എന്ന അൎത്ഥത്തിൽ പാൎഷതി എന്നും ഇവൾക്കു പേരുകൾ ഉണ്ടു. സഹസ്രം—ആയിരം; 'എൺപത്തെണ്ണായിരം' എന്നതു തുല്യമായ സംഖ്യ എന്നൎത്ഥമില്ല, 'അനേകായിരം' എന്നു മാത്രമേ ഗ്രഹിക്കേണ്ടതായുള്ളു. ഇമ്പം—അഴകു, സൌന്ദൎയ്യം; ഇയന്ന—ഉള്ളതായ; ശകുനി—ദുൎയ്യോധനാദികളുടെ അമ്മാവൻ; ൧൨. കുന്തീസുതരെ—കുന്തിയുടെ പുത്രന്മാരെ; നകുലനും സഹദേവനും കുന്തി പ്രസവിച്ചു മക്കൾ അല്ലാ എന്നു വരികിലും അവരേയും 'കുന്തീസുതർ' എന്ന പദത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. മന്നവർനാഥൻ—മന്നവന്മാൎക്കു (രാജാക്കന്മാൎക്കു) നാഥൻ ആയ യുധിഷ്ഠിരൻ. തന്വംഗി—തനുവായ അംഗങ്ങൾ ഉള്ളവൾ; തനു—കൃശമായ, സൌന്ദൎയ്യം ഉള്ള; തന്വംഗീമണി—തന്വംഗികളിൽവച്ചു ശ്രേഷ്ഠയായുള്ളവൾ; നികടെ—നികടത്തിൽ—സമീപത്തു. മഹാവിപിനെ—

മഹാവിപനത്തിൽ—വൻകാട്ടിൽ; പുനർ—പിന്നീട്ടു്; ൧൯-ംവരിയിൽ പുനർ എന്ന പദത്തിനു പ്രത്യേകം അൎത്ഥം ഒന്നുമില്ല, കേവലം പാദപൂരണത്തിനായി ചേൎത്തിട്ടുള്ള പദം ആണു്. കിടയാതെ—കിട്ടാതെ. ൨൩-ം വരിമുതൽ ൧൪൪-ം വരിവരെ യുധിഷ്ഠിരരോടൊന്നിച്ചു കാട്ടിൽ ചെന്ന ബ്രാഹ്മണർ തമ്മിൽ നടന്ന സംഭാഷണത്തെ വിവരിച്ചിരിക്കുന്നു. ഇതിൽ മലയാളബ്രാഹ്മണരുടെ പ്രത്യേകനിലയിൽ ഉള്ള അനേകം സാമുദായിക കാൎയ്യങ്ങൾ കവി വളരെ ചതുരമായി വൎണ്ണിക്കുന്നു. പഴതായുള്ള—പഴയതായുള്ള—ഉടുത്തതുമുഴിഞ്ഞു?; ൨൭. നനഞ്ഞുനനഞ്ഞു എന്ന ഇരട്ടിപ്പു് ഉടുത്തു മുഷിഞ്ഞതിൻെറ ആധിക്യത്തെ കാണിക്കുന്നു.

൫൨ ചിതം—ഉചിതം, യോഗ്യം; ൫൩ ഇല്ലടവിയിൽ—ഇല്ല+അടവിയിൽ, ഈവിധം സന്ധി പദ്യങ്ങളിൽ മാത്രമേ നടപ്പൊള്ളു. മുററും—മുഴുവനും; പാൎത്തീട്ടുവതോ—പാൎത്തീട്ടുമോ! പാക്കും എന്നു നിങ്ങൾ കരുതുന്നുണ്ടോ; വിലയം—നാശം; വിരവു്-വേഗം; ൬൩ മലയാളി-മലയാള ദേശത്തുള്ളവർ; ജാതിമതഭേദം എന്നിയേ മലയാളത്തിൽ ഉള്ള സകലരും 'മലയാളി' എന്നസംജ്ഞയാൽ അറിയപ്പെടുന്നവർ ആണെന്നു വരികിലും പ്രകൃതത്തിൽ 'മലയാളബ്രാഹ്മണർ' എന്നു അൎത്ഥം ആകുന്നു; അതുപോലെ തന്നെ 'പരദേശികൾ' എന്ന പദത്തിനു പരദേശത്തിൽ (മലയാളദേശം അല്ലാത്ത ദേശത്തിൽ) ഉള്ളവർ എന്നാകുന്നു അൎത്ഥം; എന്നാൽ പ്രകൃതത്തിൽ "പരദേശബ്രാഹ്മണർ" എന്നുമാത്രമേ അൎത്ഥമൊള്ളു. അരമന—അരചൻെറ മന; അരചൻ—രാജാ; മന—ഗൃഹം; ഇര

വു—രാവു്, രാത്രി, അരമന, ഇരവു് ഈ രണ്ടു പദങ്ങ ളും തമിഴിൽ നടപ്പുള്ള രൂപങ്ങൾ ആണു്, ഇപ്പഴത്തെ വ്യവഹാര മലയാളഭാഷയിൽ സാധാരണമായി ഉപ യോഗിക്കാറില്ല, കൊററു്—ആഹാരം, ൪ൻ ഫലം—പ ഴം,മൂലം—കിഴങ്ങു്, കുശീലൻ—ചിത്തശീലം ഉള്ളവൻ, ഠവ്യ മാപാപി—മഹാപാപി

വീടും പുരയും, ഈ രണ്ടു പദങ്ങൾക്കും അത്ഥത്തി ൽ അധികം വ്യത്യാസം ഇല്ല. ന്ദവ കൊള്ളിയെരിച്ചു്— തീകൊളുത്തി എരിച്ചു് ന്നു അന്തണർ—ബ്രാഹ്മണർ, അച്ഛൻ—ഈ വാക്കിൽ രണ്ടാമത്തെ അക്ഷരം ച്ഛ, ച്ഛ എന്നീവിധം എഴുതിക്കാണാറുണ്ടു്, ഈയിടെ ചിലർ ഛ മാത്രംമതി എന്നും വിചാരിക്കുന്നുണ്ടു്, എന്നാൽ ഇതി ൻെറശരിയായ രൂപം 'അച്ഛൻ' എന്നാണു്. എന്തുകൊ ണ്ടെന്നാൽ 'ആയ്യ' എന്ന സംസ്കൃതപദം പ്രാകൃതത്തി ൽ 'അയ്യ,' 'അജ്ജ, എന്നു് മാറി. 'അജ്ജ' എന്ന പ്രാകൃ തപദം ആണു് 'അച്ഛ' എന്ന വാക്കായിരിക്കുന്നതു് കേ വലദ്രാവിഡത്തിൽ ഉള്ള ഈ വാക്കിൽ ഛ, ച്ഛ ഇ ത്യാദി ഉച്ചാരണങ്ങൾ ഉണ്ടാക്കിയതു അതിനെ വീണ്ടും സംസ്കൃതമാക്കുകയത്രേ. അന്തർജനം—അകത്തമ്മ, ഉൽഖാതം—ഇല്ലാതാകൽ: ഈ സംസ്കൃതപദത്തിനു 'ഇല്ലാതാകൽ' എന്ന അത്ഥം മലയാളഭാഷയിൽ മാത്ര മേ നടപ്പൊള്ളൂ വ്യ൭ കണ്ടം—നിലം,കണ്ടൻ—ഒരുത്ത ൻെറ പേരു്, 'ശ്രീകണ്ഠൻ' എന്ന പദത്തിൻെറ ആഭാ സം ആയിരിക്കാം. കണ്ടോർ—കണ്ടവർ—അന്യന്മാർ, കരസ്ഥമാക്കി—കൈവശപ്പെടുത്തി, കന്യക—കല്യാണം

കഴിക്കാത്ത പെൺകിടാവു് ൽ൩ ശാന്തിചെയ്ക—അമ്പലങ്ങളിൽ ദേവനെ പൂജിക്ക ൧൦൦ പായുന്നതിന്റെ മൂലം—പായുന്നകാരണത്താൽ, കായം—ദേഹം, ൧൦൧ മാററികൾ—ഞണയന്മാർ, കള്ളസ്സത്തി പറയുന്നവർ, സത്യത്തെ മാററിപ്പറയുന്നവർ, ൧൦൨ ചന്തക്കാരൻ—കലവറക്കാരൻ—സാമാനങ്ങൾ ഒരുക്കിവച്ചിരിക്കുന്നവൻ ൧൦൩ ഭുജംഗധ്വജൻ—സപ്പം കൊടിയാളമായുള്ളവൻ—ദുര്യോധനൻ, ഭുജംഗം—ഭുജംകൊണ്ടു ഗമിക്കുന്നതു്—സപ്പം; ൧൦൪ അന്തരം—വിഘ്നം, ദോഷം, നാശം; അഖിലന്മാർ-എല്ലാവരും, ൧൦൫ എന്തൊരു—എന്തു്+ഒരു ൧൦൬ താടിക്കാർ— മുനിമാരു്— തപസ്സുചെയ്യുന്നവർ; ൧൦൭ മേലാ, ഇതു ഒരു ഗ്രാമ്യപദം, ൧൦൮ നമ്പൂര്യച്ചൻ—നമ്പൂരി+അച്ചൻ ഇവിടെ(രി+അ)ര്യ എന്നു സന്ധി ഉപയോഗിച്ചിരിക്കുന്നതു് കേവലം സംസ്കൃത സ്വരങ്ങളുടെ സന്ധിയെ അനുകരിച്ചാണു്, മലയാളഭാഷയിൽ "നമ്പൂരിയച്ചൻ" എന്നേ ഉപയോഗിക്കാവൂ, പദ്യത്തിലെ ഒഴുക്കത്തിനു വേണ്ടിമലയാളസ്വരങ്ങളുടെ സന്ധി സംസ്കൃത വ്യാകരണം അനുസരിച്ചു് ചില സ്ഥലങ്ങളിൽ നമ്പ്യാർ പ്രയോഗിക്കാറുണ്ടു്. ഇതു ഒരു "ചൊൽക്കുററം" തന്നെ. 176 കമ്മബ്രാഹ്മണർ—കമ്മങ്ങൾ മുടങ്ങാതെ ചെയ്യുന്ന ബ്രാഹ്മണർ (ഈ പദം വേദാധ്യയനത്തിനു അഹതയില്ലാത്ത ഒരു തരം ബ്രാഹ്മണർ മലയാള ബ്രാഹ്മണരുടെ ഇടയിൽ ഉണ്ടെന്നുള്ള വസ്തുതയെ സൂചിപ്പിക്കുന്നു) ൧൭൭ മുകുന്ദൻ തൻ കഴലിണ—മുകുന്ദന്റെ കഴലിണ, കഴൽ—പാദം, ൧൭൮ ഉരുഭക്ത്യാ—വളരെ ഭക്തിയോടുകൂടി. ഓത്തിനു

—വേദത്തിന്ന്,ഓത്തിന്ന നാലിന്നും—ഋക്,യജുസ്സ്, സാമം, അഥൎവ്വണം എന്നീ നാലു വേദങ്ങൾക്കും എൻ മാത്താണ്ഡൻ-സൂൎയ്യൻ. ദിനേശ—ദിനത്തിന്ന (ദിവസത്തിന്ന, പകലിന്ന) ഈശനായുള്ളോനെ, ദിവാകര-പകലിനെ ഉണ്ടാക്കുന്ന(ചെയ്യുന്ന)വനെ.

എവ്വദ. ഹിതപൂരണം— വേണ്ടുകാൎയ്യങ്ങൾ നിൎവ്വഹിച്ചു തരിക. എവ്വന്ന കരംബിതതാരുണ്യരൂപനേ—കരംബിതമായ താരുണ്യരൂപനേ; കരംബിതം—അനേകം വിധത്തിൽ ഉള്ളതു്, കൂട്ടിച്ചേൎക്കപ്പെട്ടതു് ഘോരപാപനിവാരണം—ഘോര (വലുതായ)മായ പാപത്തെ ഇല്ലാതാകുന്നതു. എ൯൦ ഈ വരിയിൽ'പാൎത്ഥൻ' എന്ന ആദ്യത്തെ പദത്തിന്ന പൃഥ (കുന്തി)യുടെ പുത്രൻ എന്നും രണ്ടാമത്തെ പദത്തിന്ന 'രാജാവു്' എന്നും അൎത്ഥം; പരാധീന പാൎത്ഥന്മാർ—മററുള്ളവൎക്ക കീഴ്പ്പെട്ടുകിടക്കുന്ന രാജാക്കന്മാർ;പാൎത്ഥിവൻ—രാജാവു് എൻ്വചേതസി—മനസ്സിൽ; മഹീസുരസത്തന്മാർ—ബ്രാഹ്മണശ്രേഷ്ഠർ; മനസി—മനസ്സിൽ; പാവനമൂൎത്തി—സകലത്തേയും ശുദ്ധമാക്കുന്ന മൂൎത്തി; നികടേ—അടുത്തു്; പൂൎത്ത്യാ—പൂൎത്തിയോടുകൂടി, തൃപ്തിയോടുകൂടി—വരം നല്കണം എന്നുള്ള പൂൎണ്ണസന്തോഷത്തോടുകൂടി-; വൃകോദരൻ—വൃക(ചെന്നായ്)ത്തിൻെറ ഉദരം [വയറു] പോലുള്ള വയറുള്ളവൻ—എത്ര തിന്നാലും മതിയാകാത്തവന—ഭീമൻ. ഫല്ഗുനൻ—അൎജ്ജുനൻ; കല്മഷരഹിതാ—ദോഷം തീരെ ഇല്ലാത്തവൾ. അവ്യയം—വ്യയം ഇല്ലാത്തതു്, ഒരിക്കലും കുറഞ്ഞു പോകാത്തതു്.

ദ്വിജൻ—ബ്രാഹ്മണൻ, ദ്വിജൻ = രണ്ടുതവണ ജനിച്ചവൻ;അതാവിതു,സാധാരണമായി അമ്മയുടെവയററിൽ നിന്നുള്ള ജനനവും, 'ഉപനയനം' എന്ന സംസ്കാരക

ർമ്മത്താൽ ഉണ്ടാകുന്ന നില ഒരു വിധം. പുതിയ ജനനം ആയി ഗണിക്കപ്പെടുന്നതു കൊണ്ട് ആ ജനനവും. രണ്ടു തവണ ജനിക്കുന്ന എന്ന അർത്ഥത്തിൽ 'ദ്വിജം' എന്ന പദത്തിനു പല്ല്, പക്ഷി, എന്നും അർത്ഥം ഉണ്ടു്. ൱൨൦ അദ്യ—ഇപ്പോൾ; ഇനു. പഥികന്മാർ—വഴിപോക്കർ. ഗുളം ശർക്കര; ദധി—തൈരു്; അഷ്ടി—ഊണു്; പാത്രേ—പാത്രത്തിൽ, നിലച്ചേ—നിലച്ചതിൽ പിന്നീടു മാത്രമേ

'ചിലർ ചതിക്കാൻ വരും. ആ ചതിയിൽ അകപ്പെടാതെ നീ കരുതിയിരുന്നുകൊള്ളണം' എന്നുള്ള ഉപദേശം ആണു് അതിപ്രധാനം ആയുള്ളതു്. കരുതൽ ഇല്ലാതിരുന്നതു കൊണ്ടാണു് ഇക്കഥയിൽ വർണ്ണിച്ചിരിക്കുന്ന മനോവേദന ദ്രൗപദി അനുഭവിക്കാൻ ഇടയായതു്. ൱൩൦ ധാത്രീസുരർ—ബ്രാഹ്മണർ. കാനനനദി=കാട്ടാറു്; പുടവ—അരയിൽ ഉടുക്കാനുള്ള വസ്ത്രം. സ്ഥലവും വച്ചു്=വലിയ സദ്യകളിൽ സ്വയമേവ ഊണു് കഴിക്കാൻ പോകുന്ന വഴിപോക്കർ ഇന്ന സ്ഥലത്തിൽ ഊണുകഴിക്കാൻ ഇരിക്കണം എന്നു മുമ്പിൽ കൂട്ടി നിശ്ചയിച്ചു് ആ സ്ഥലം തനിക്കു പ്രത്യേകം നീക്കി വച്ചിരിക്കുന്നതായി അടയാളവും ഇട്ടിരിക്കുന്ന പതിവാണു്; നാസ്തി—ഇല്ല. വാസ്തു—എന്തെങ്കിലും ആയിക്കൊള്ളട്ടെ. ൱൪൦ മീശക്കാരർ= അക്കാലത്തു സാധാരണമായി ശിപായിമാരുടെ സ്ഥാനത്തുള്ള വേലക്കാരു് മീശ വച്ചിരിക്കുന്ന നടപ്പുണ്ടു് എന്നു ഇതിൽ നിന്നു ഊഹിക്കാം ൱൫൧. കൊണ്ടവാ—കൊണ്ടുവാ; ൱൫൨ ഒരിക്കലേ—ഒരേകാലത്തുമാത്രമായി; മാരുതി—മരുത്തിന്റെ (വായുവിന്റെ) പുത്രൻ ആയ ഭീമൻ; ൱൫൩ വേപ്പിലക്കട്ടി—ഇതു വേപ്പിന്റെ ഇല അല്ലാ, നാരകത്തിന്റെ ഇലയോടുകൂടി ഉപ്പു, മുളകു മുതലായവ ചേർത്തു ഇടിച്ചുപൊടിച്ചുണ്ടാക്കുന്നതാണു്. ഇതിനു 'വേപ്പിലക്കട്ടി" എന്നപേരു എങ്ങനെ സിദ്ധിച്ചുവോ? ൱൫൪

പഞ്ചപ്രസ്ഥം — പഞ്ച — അഞ്ച്; പ്രസ്ഥം = ൩൨ പലം കൊള്ളുന്നതായ ഒരു ധാന്യ അളവ്. ൩൨൦ ചെണ്ടമുറി — ചെണ്ടയുടെ (ചെണ്ട എന്ന വാദ്യത്തിൻെറ) മുറി. അങ്ങനെ കണ്ടിച്ച നേന്ത്രപ്പഴത്തിന്ന "ചെണ്ടമുറിയൻ" എന്നു പറയുന്നുണ്ട്; ൩൧൧. ആലങ്ങാട്ടിൽ ഉണ്ടാക്കുന്ന ശക്കരയുണ്ടയും മെച്ചംകൂട്ടും എന്നുള്ളതിൽ നിന്നു വ്യക്തം ആകുന്നു;

൩൧൯ സത്രം — യാഗം, എന്നാൽ ഏതു യാഗത്തിലും ബ്രാഹ്മണഭോജനം അതു പൂൎത്തിയാകുന്നതിനുള്ള പ്രധാനപ്പെട്ട അംഗം ആകയാൽ ഇവിടെ 'ബ്രാഹ്മണഭോജനം' എന്നു അൎത്ഥം, വഴിപോക്കൎക്കു ഊണും ഇരിപ്പും ഇനാമായികൊടുക്കുന്ന സ്ഥലത്തിനു 'സത്രം' എന്നുള്ള പേരു് ഈ അൎത്ഥത്തിൽനിന്നു ജനിച്ചതാണു്; ൩൨൦ വടക്കൻ മാലോകർ-വടക്കാരായ മഹാജനങ്ങൾ ൩൨൫ മധു — തേൻ; ൩൨൬ വെരികിൻകട — പെരവലം എന്ന ഒരു ചെടിയുണ്ടു്; അതിൻെറ കട(തളിർ) അരിശസ് ശമിക്കാൻ ഉപയോഗപ്പെട്ടതാകുണ്ടു് വെരിക എന്നതു 'പെരവലം' എന്നതിൻെറ ദേശീയപദം ആയിരിക്കാം.

൩൨൭ അശേഷം ഹിതം — സകലതും നന്നായിരുന്നു, ഭക്ഷിക്കാൻ ഹിതമായിരുന്നു.

൩൨൬ മുതൽ ൩൪൭ വരെ വരികളിൽ രോഗം പിടിച്ച ചിലൎക്കു ആവശ്യമുള്ളതുകൂടി കിട്ടി എന്നു വൎണ്ണിച്ചിരിക്കുന്നു അരിശസ്സിനും പിത്തത്തിനും ഇതിൽ പറഞ്ഞിരിക്കുന്ന മുക്കിടി വൈദ്യശാസ്ത്രപ്രകാരംകൈകണ്ട ഔഷധങ്ങളും അധികം പ്രയാസംകൂടാതെ ഉപയോഗിച്ചു വരുന്നവയും ആകുന്നു.

ചുരുക്കിപ്പറയുന്നതായാൽ ഏതേതു ആളുകൾക്കു ഏതേതുവിധം ആഹാരം ആവശ്യം ഉണ്ടായിരുന്നുവൊ അതെല്ലാം ലഭിച്ചിരുന്നു. നൎറ അനവധി—അവധിയില്ലാത്ത എണ്ണമില്ലാത്ത

നന്ദകൊടവൻ-കൊടകൻനന്ദ ര അവററിൽ = അതിൽ; അവററിൽ എന്നപദം രൂപംകൊണ്ടു ബഹുവചനം ആണെന്നുവരികിലും ഈ ഗ്രന്ഥത്തിൽ അനേകം സ്ഥലങ്ങളിൽ ഏകവചനാൎത്ഥത്തിൽ കവി പ്രയോഗിച്ചിരിക്കുന്നു.

നൎഫ പൊളിയല്ല-കളവല്ല നൎമ നവായസഗുളികത്രിജാതകംത്രികടു കോട്ടവേലിമുത്തങ്ങാ വിഴാലരി ഇവ സമം പൊടിച്ചു ഇതിനൊപ്പം ഇരുമ്പുകിട്ടത്തിൻെറ പൊടിയും ചേൎത്തു നെയ്യും തേനും കൂട്ടിച്ചേൎത്തുണ്ടാക്കുന്ന മരുന്നു പിത്ത രോഗത്തിനു വിധിച്ചിട്ടുള്ള മരുന്നാണു് ഇതിനു 'നവായസം' എന്നു പേരു് വാഗ്ഭടർ മുതലായ വൈദ്യശാസ്ത്രജ്ഞന്മാർ കല്പിച്ചിരിക്കുന്നു. നവായസഗുളിക.

'നവ' എന്ന പദത്തിനു 'പുതിയ', 'ഒൻപതു' എന്നീ രണ്ടു അൎത്ഥങ്ങൾ ഉണ്ടു്, ആയസം- അയസ്സ് ഇരുമ്പു കൊണ്ടുണ്ടാക്കിയ-ഇരുമ്പിനെസംബന്ധിച്ച, ഇതിൽ പുതിയ ഇരുമ്പു പൊടിയാണു് പ്രധാനാംശം അതു കൊണ്ടു് 'നവായസം' എന്ന പേരു് ഈ മരുന്നിനു സിദ്ധിച്ചു ഇരുമ്പിനോടുകൂടി മററു൯ കൂട്ടംമരുന്നുകളുംചേൎത്തുകൊണ്ടും ഈ പദം സിദ്ധിച്ചിരിക്കാം.

നൎൻ പാത്രമതായതുപാഷ്ഠി— പാഷ്ഠി (ഭോ പടി) ഈ വക ഇഷ്ടംപോലെകൊടുക്കുന്നതിനുള്ള യോഗ്യതയുള്ളവർ ആയി; എന്തു കാരണത്താൽ? നല്ലൊരു പാത്രം അവൎക്കു ലഭിക്കുക നിമിത്തം നമ്മുടെ ബ്രാഹ്മണ

ക്ക് ഊണു കൊടുത്തിട്ടു് ഭർത്താവിനു ഊണു കൊടുക്കുക;
പിന്നീടു താൻ [ഭാര്യ] ഊണു കഴിക്കുക; ഇതാണു് ഹി
ന്ദുശാസ്ത്രപ്രകാരം ഉള്ള സതീ ധർമ്മം. ലബ്ധ മിത്രവ
രം—മിത്രൻ (സൂര്യൻ) കൊടുത്ത വരം; ലഘുവൃത്താ ഇതുമുത
ൽ ഹസ്തിനപുരത്തിൽ ദുര്യോധനാദികളുടെ നില വർണ്ണി
ക്കപ്പെടുന്നു; ഹസ്തിരഥാദി സമൃദ്ധാ—ഹസ്തി (ആന) ര
ഥം (തേരു) മുതലായവയുടെ സമൃദ്ധത (ധാരാളത്വം), ധാ
രാളമായി എന്നും ആന, തേരു് കുതിര കാലാൾ എന്നീ
നാലു വിധത്തിൽ ഉള്ള പടകൾ ഉള്ളതായ; ഹസ്തിനപു
രം—ഹസ്തിനം എന്നു പേരുള്ള നഗരം; 'ദുര്യോധനൻ'
മുതലായ നൂറു സോദരന്മാരുടേയും പേരുകൾ 'ദുർ' എ
ന്ന പദത്തോടുകൂടി തുടങ്ങുന്നവയാണു: ദുര്യോധനൻ—ഇ
വനോടുകൂടി യുദ്ധംചെയ്തു് ആരും ജയിക്കയില്ലഎന്നുള്ള
നിലയിലുള്ളവൻ; സുയോധനൻ—നല്ലപോലെ യുദ്ധം
ചെയ്യുന്നവൻ ദുശ്ശാസനൻ—ശാസിച്ചു് കീഴടക്കി വയ്ക്കു
വാൻ പ്രയാസമായുള്ളവൻ, കളത്രം—ഭാര്യ ലഘുവെ പെ
രുവഴിയൂട്ടിന്, പെരുവഴിയിൽ യാത്ര ചെയ്യുന്നവർക്കായി
നടത്തുന്ന ഊട്ടു് (ഊണുകൊടുക്കൽ) ദിശി—ദിക്കിൽ, നാട്ടി
ൽ; പുരി— പുരിൽ—നഗരത്തിൽ നാട്ടിൽ; അങ്കം—കരം
അവർപക്കൽ—അവരുടെ പക്കൽ, കരളു=നാണ,
൪൦ലെ കാന്ത്യാ—കാന്തികൊണ്ടു്, തേജസ്സുകൊ
ണ്ടു് അന്തികസീമനി—അടുക്കെ, സമീപത്തു, ദുർഗ്ര
ഹം— ഇന്നതരത്തിൽ ഉള്ളതാണെന്നു അറിയാൻ പ്രയാ
സമുള്ളവൻ. ഏതോരവസ്ഥ=ഏതൊരവസ്ഥ, ൪൧. വൃ
അന്ധാദികളെ (പ്രതിഗ്രാഹിക) —എന്റെ ബന്ധുക്കളെ,
ജ്ഞാതികളെ, അന്തി—സന്ധ്യാ—ഇരുട്ടാറാകുന്ന സമ
യം. മാററികൾ—ചതിക്കുന്നവർ, കളവുള്ളവർ; ൪൨. കൌ
ന്തേയൻ—കുന്തീദേവിയുടെ പുത്രൻ. ധർമ്മപുത്രൻ, ഭീമ
ൻ, അർജ്ജുനൻ, ഇവർ മൂവരും; കുന്തി ഓരോ

ദേവനെ പ്രീതിപ്പെടുത്തി ലഭിച്ചിട്ടുള്ളതാണെന്നു ആ
മുഖത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. എന്നാൽ ഇതു ഒന്നു സ്വ
ല്പം വിസ്തരിക്കേണ്ടിയിരിക്കുന്നു. കുന്തീദേവി കന്യകാ
ദശയിൽ അച്ഛന്റെ ഗൃഹത്തിൽ വസിച്ചിരുന്ന കാല
ത്തു് ആ ഗൃഹത്തിൽ എഴുന്നള്ളിയിരുന്ന ദുർവ്വാസസ് മഹ
ർഷിയെ വേണ്ടുംവണ്ണം ഉപചരിച്ചു; പ്രീതനായ ആ മുനി
അവൾക്കു ഒരു മന്ത്രം ഉപദേശിച്ചു. അവൾ ഏതു ദേവ
നെ സ്തുതിച്ചു് ആ മന്ത്രംകൊണ്ടു ആവാഹിക്കുന്നുവോ ആ
ദേവൻ അവൾക്കു അഭീഷ്ടം നല്കും എന്നായിരുന്നു വരം.
ആ വരം ശരിയായിരിക്കുമൊ എന്നു് പരീക്ഷിക്കാനായി
കന്യകാദശയിൽ ഇരിക്കുമ്പോഴേ അവൾ സൂര്യദേവ
നെ മന്ത്രം കൊണ്ടു് ആവാഹിച്ചു; സൂര്യദേവൻ പ്രത്യ
ക്ഷനായി; ആ ദേവന്റെ പ്രസാദത്താൽ അവൾ ഗർഭം
ധരിച്ചു. അതിൽ ജനിച്ചവനാണു് കർണ്ണൻ; വിവാഹം കഴി
കാത്ത കന്യക പ്രസവിച്ച വിവരം വെളി വരാതിരിക്കാ
നായി അവൾ ശിശുവിനെ ഒരു പെട്ടിയിൽ ആക്കി ആ
രും അറിയാതെ ഒരു നദിയിൽ ഒഴുക്കിക്കളഞ്ഞു. ആ സമ
യം ആ നദിയിൽ വന്നിരുന്ന ധൃതരാഷ്ട്ര സാരഥിയായ
അധിരഥൻ ആ പെട്ടിയെടുത്തു നോക്കിയതിൽ ശിശു
വിനെ കണ്ടു് ആനന്ദിച്ചു് സ്വ ഗൃഹത്തിൽ കൊണ്ടുപോ
യി വളർത്തി. ഇവൻ ക്രമേണ ദുര്യോധനന്റെ ആത്മമി
ത്രവും വില്ലാളികളിൽമുൻപനും ആയിത്തീർന്നു. സൂര്യന്റെ
പുത്രനാണെന്നും കുന്തിയുടെ പുത്രനാണെന്നും ഉള്ള വിവ
രം ദുര്യോധനാദികൾ പാണ്ഡവരുടെ വനവാസകാല
ത്തിൽ അറിഞ്ഞിട്ടില്ല. ആ സ്ഥിതിക്കു ദുര്യോധനൻ കർണ്ണ
നെനോക്കി ഈ വിധം പറഞ്ഞതായി കവി വിവരിച്ചിരി
ക്കുന്നതു മൂലത്തിനു വിരുദ്ധമായിരുന്നാലും പ്രകൃതത്തിനു ഉ
ചിതം ആയിരിക്കുന്നു:— "നിന്റെ അച്ഛനായിരുന്നിട്ടും
സൂര്യൻ നിന്റെ വിരോധകക്ഷിയിലുള്ളവർക്കു ഈ വി

ധം സഹായം നല്കിയല്ലോ. മകനെക്കുറിച്ച് ക്രൂരനെങ്കിൽ ഇങ്ങനെ ചെയ്യുമൊ?'' എന്നാണ് ദുര്യോധനന്റെ മുള്ളവാക്ക്. ൪൬ ഛന്ദചരക്കിൽ—നല്ലതരത്തിലായി ൪൭ കൈതവകർമ്മം—ചതിപ്രവൃത്തി;

൪൮ തേ ആ പൂജ്യന്മാർ—പൂജാർഹരായ ഏവരാണൊ യുധിഷ്ഠിരാദികൾക്ക വേണ്ടതെല്ലാം നല്കണം എന്നു ഉപദേശിച്ചിരുന്നതു് ആ പൂജ്യരായ ധൃതരാഷ്ട്രൻ വിദുരൻ ഭീഷ്മൻ മുതലായവർ.

൪൯ നൃപർ വാളുകൊടുക്ക—രാജ്യകാര്യം നിർവ്വഹിക്കാൻ നിയമിക്കപ്പെടുന്നവൎക്ക ഉദ്യോഗസ്ഥാനത്തിനുള്ള ചിഹ്നം വാള് ആണ്, ബ്രിട്ടീഷ് ഗവൎമ്മെണ്ടിൽ പ്രധാനപ്പെട്ട സിവിൽ ഉദ്യോഗസ്ഥന്മാൎക്കും 'വാള്' ഉണ്ട്—തിരുവിതാംകോട്ടിൽ ദിവാൻജിയ്ക്കു ഉദ്യോഗ ചിഹ്നമായി കൊടുക്കുന്നതു വാൾ ആണ്. ഇതുപോലെ മററുദ്യോഗസ്ഥന്മാർ വാളും ധരിച്ച് ചില അവസരങ്ങളിൽ നടന്നേ തീരൂ എന്നുണ്ട്. ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ ഉത്സവകാലത്തു വേട്ടയും ആറാട്ടും ദിവസങ്ങളിൽ എഴുന്നള്ളത്തുസമയം ഈ വിധം ഇവർ നടക്കാറുണ്ട്. ൫൦ ഭോജനസാധനം—തിന്നാനുള്ള സാധനം

൫൧ ഉചിതം-ഉചിതമായിരിക്കും ൫൨ ഇതി—ഇപ്രകാരം മനസി—മനസ്സിൽ; ചിന്തയാ—ചിന്തകൊണ്ട്: ഇപ്രകാരം വിചാരിച്ചുകൊണ്ട്. മേവും വിധൗ—ഇരിക്കുമ്പോൾ; സപദി—ഉടൻ.സകലദിശി—എല്ലാദിക്കിലും; ദുരിതഹരദർശനൻ—ദുരിത(കഷ്ട)ങ്ങളെ ഹരി(ഇല്ലാതാ)ക്കുന്ന ദർശനം (കാഴ്ച) ഉള്ളവൻ—ഈ മുനിയെ കണ്ടാൽ കാണുന്നവരുടെ കഷ്ടങ്ങൾ എല്ലാം നീങ്ങും എന്നൎത്ഥം; ദുർവ്വാസതാപസൻ—ദുർവ്വാസസ് എന്നു പേരുള്ള താപസൻ; തരിതം—വേഗത്തിൽ; മന്ദിരേ—ഭവനത്തിൽ—ദുര്യോധനഗൃഹത്തിൽ, ഈമുനി യദൃച്ഛയാ സ്വയമേവവന്നെത്തി;

സകലകനകാസനം കുറവില്ലാത്തസ്വർണ്ണാസനം; വാരിജാരിപ്രിയൻ—ചന്ദ്രനുപ്രിയനുള്ളവൻ (ചന്ദ്രവംശത്തിലെ രാജാവാകയാൽ) വാരി—വെള്ളം; വാരിജം—താമരപ്പൂ; അരി—ശത്രു. ർവ്വ ഹരിഹരസമൻ—വിഷ്ണുവിന്നും ശിവന്നും തുല്യനായുള്ളവൻ; കരി—വിശേഷപ്പെട്ടകരം (കൈ) ഉള്ളതു്—ആന—ഹസ്തി; കരിപുരം—ഹസ്തിനാപുരം ർവ്വൂ ഭിക്ഷചെയ്ക—സന്ന്യാസി, മുനിമുതലായവരുടെ ഊണിന്നു 'ഭിക്ഷ' എന്നു പറയുന്നു; നൃപതി ഭാഷിതം—രാജാവിന്റെ വാക്കു; ഒം൧ഫ ഭദ്രംഭവതു—മംഗളം ഉണ്ടാകട്ടെ—നല്ലതുവരട്ടെ. അഞ്ചുവെളുപ്പിനു &c. ബ്രാഹ്മണരുടെ ദിനചൎയ്യ ൧ഫന മുതൽ ൧ഫൻ വരെ വരികളിൽ വിവരിച്ചിരിക്കുന്നു; ഫന്ദ നേമം—നിയമം—പതിവു്. പുഷ്പാഞ്ജലി—ഈശ്വരന്റെ നാമം ചൊല്ലി പൂകൊണ്ടു അൎച്ചിക്കൽ; ൧ഫ൦ ജപവും—വേദജപം; ൧ഫവ്വ നാമജപം ഈശ്വരന്റെ നാമങ്ങളെ ജപിക്കുക—സഹസ്രനാമം മുതലായവ പറയുക.

ഒന്ന ഫ ബൌദ്ധന്മാർ—ബുദ്ധമതം അനുഷ്ഠിക്കുന്നവർ എന്നാണു് ഈ പദത്തിനു ശരിയായ അൎത്ഥം, എന്നാൽ ഇവിടെ മഹമ്മദൻ മുതലായ അന്യമതക്കാർ എന്നു മാത്രമെ കവി കരുതീട്ടൊള്ളു. ൧൨൨; അതു പോവൂ—ആ അശുദ്ധം (തീണ്ടൽ] പോവുകയുള്ളു, ൧൨൩ അതു വൎദ്ധിക്കയുള്ളു—ബുദ്ധിക്കുതെളിവല്ലായ്മ വൎദ്ധിക്കയേയുള്ളു.

ഒ൩ഫ അങ്കം. കരംചുങ്കം—തീരുവ = ഒരു നാട്ടിൽനിന്നു വെളിയിൽകൊണ്ടുപോകുന്നതൊ മറുനാട്ടിൽനിന്നു നാട്ടിൽകൊണ്ടുവരുന്നതൊ ആയ ചരക്കുകൾക്കു സൎക്കാരിലേക്കു കൊടുക്കേണ്ടതായ കരം.

൧൩൦ പരിഷ—ആൾക്കൂട്ടം ൧൩൨ ഒ൩൪ ക്ലേശിച്ചു-ക്ലേശിച്ചു ഭരിച്ചു കഷ്ടപ്പെട്ടു രാജകാൎയ്യം നടത്തി നിൎമ്മലം—ദോഷമില്ലാത്ത കളങ്കമില്ലാത്ത ൧൩൪ വരുമെ

ന്നാകിൽ — 'എൻെറ അഭിലാഷം പൂർത്തിയാകും' എന്നുള്ള പൂർണ്ണ ക്രിയ അന്തർഭൂതം ആയിരിക്കുന്നു; ഉന്നർ ദണ്ഡിക്കുന്നു — കഷ്ടപ്പെടുന്നു. ഒരെ കുടുംബിനി — കുടുംബഭാരം വഹിക്കുന്ന സ്ത്രീ, ഉദെ തേവാരം - ദേവപൂജ എന്ന പദം ലോപിച്ചു 'തേവാരം' ആയിരിക്കുന്നു ദേവനെ പൂജിക്കുന്നതായ നിത്യകർമ്മത്തിൽ ദേവസ്തോത്രങ്ങൾ പറയാറുണ്ടു് അവയ്ക്കു തമിഴിൽ 'തേവാരം' എന്നു പറയുന്നു. ഉൈക്കിളിമൊഴിയാൾ = കിളിപോലെ മന്ദമായും മധുരമായും സംസാരിക്കുന്നവൾ; അളവേ — ശരിയായി സത്യമായി; ഇത്ഥം — ഇപ്രകാരം; ശുദ്ധൻ — കപടമില്ലാത്തവൻ — പറഞ്ഞതെല്ലാം സത്യം എന്നു വിശ്വസിക്കുന്നവൻ, തത്ത്വം — സത്യാവസ്ഥ; തുഷ്ട്യാ — സന്തോഷത്തോടുകൂടി ഉവ്വർ കടന്നു ഈക്രിയ ഉവ്വൻ വരെയുള്ള പദങ്ങൾക്കെല്ലാം യോജിക്കുന്നു. ഉൻമ്പ അന്തകസീമനി സമീപത്തു ഉവ്വർ ലക്ഷണമുള്ള — ലക്ഷണശാസ്ത്രം പഠിച്ചിട്ടുള്ള; തത്ത്വനിരീക്ഷണം — സത്യാവസ്ഥ എന്താണെന്നു അറിയുക; ദണ്ഡം — പ്രയാസം ദണ്ഡവദ്ദീർഘനമസ്കൃതി - കേവലം കൈകൂപ്പി തൊഴുകയല്ലാ - തലമുതൽ കാലുവരെ ശരീരം മുഴുവനും നിലത്തിൽ പതിപ്പിച്ചു നമസ്കരിക്കൽ; സ്വവൃത്ത്വാനന്ദാമലമൂർത്തേ — ആനന്ദരൂപനായും അമലരൂപനായും ഉള്ളോനേ - ന്നഫർ. കുശലപ്രശ്നം: അതിഥിയുടെ ഗൃഹത്തിലുള്ളവർക്കും ബന്ധുക്കൾക്കും മറ്റും സൗഖ്യം തന്നെയോ എന്നു ചോദിച്ചു അതിഥിയുടെ സംഗതികൾ മനസ്സിലാക്കുക.; അശനാനന്തരം: ഊണു കഴിഞ്ഞതിൽ പിന്നീടു്. ന്നവന വാഞ്ഛിതം — ആഗ്രഹം — വിശിഷ്ടനായ അതിഥിയെ ലഭിച്ചു് പൂജിക്കാൻ സംഗതിയുണ്ടായി അദ്ദേഹത്തിന്റെ ആശീർവാദം ലഭിക്കണം എന്നുള്ള ആഗ്രഹം; അഖിലം — മുഴുവനും; ശ്രീപതിഭക്തജനങ്ങൾ — ശ്രീ (ലക്ഷ്മി)യുടെ പതിയായ മഹാ

വിഷ്ണുവിന്റെ ഭക്തജനങ്ങൾ; നിർജ്ജനിയാ—ജനിക്ക യില്ല; ഉണ്ടാകയില്ല. കിം കരണീയം—ചെയ്യേണ്ടതെ ന്തു്? എന്തുചെയ്യാം. കോപശരീരൻ—ദേഹംമുഴുവനും കോ പം ആയുള്ളവൻ—കോപം പെട്ടെന്നുണ്ടായ്‌വരിക്കുന്ന ശീലമുള്ളവൻ; ശാപമഹാഗ്നി—ശാപം ആകുന്ന വലി യതീ—വ്യവസിതം—യത്നം—അവിടുന്നു് ചെയ്ത കാര്യം; സർവ്വവിനാശം —സകലത്തേയും നശിപ്പിക്കുന്ന തു്. നുവ്വർ പണ്ടൊരു മാലനിമിത്തം—ദുർവ്വാസാവു് കഠി നമായ തപസ്സു ചെയ്തു് പരമശിവനെ പ്രീതിപ്പെടുത്തി; പരമശിവൻ അനുഗ്രഹം നൽകി ഒരുമാല സമ്മാനിച്ചു; ആ മാലയും കൊണ്ടു കൈലാസത്തു നിന്നു വരുന്ന വഴി ദുർവ്വാസാവു ഇന്ദ്രനെ കണ്ടുമുട്ടി; ആ മാല ഇന്ദ്രനു് സമ്മാ നിച്ചു; ഇന്ദ്രൻ അറിയാതെ അതുതാഴെ ഇട്ടുപോയി; ഇന്ദ്രൻ കയറിയിരുന്ന ആന ആ മാലയെ ചവുട്ടി ചീത്തയാക്കി. താൻപ്രസാദിച്ചുകൊടുത്തദിവ്യമായമാലയെ ഈ വിധം ചവുട്ടിത്തേക്കാൻ ഇടയാക്കിയതു ഇന്ദ്രന്റെ അഹമ്മതി യാണെന്നും തന്നെഇന്ദ്രൻതീരെബഹുമാനിക്കുന്നില്ലെന്നും ദുർവ്വാസസ്സ് കരുതി കോപാന്ധനായി ഇന്ദ്രന്റെ സക ലൈശ്വര്യങ്ങളും ദേവന്മാർക്ക് അമർത്ത്യത്വവും ഇല്ലാതാ കട്ടെ എന്നു ശപിച്ചു. അതു ഹേതുവായിദേവന്മാർ മ നുഷ്യരേപ്പോലെ ജരയും നരയും ഉള്ളവരായി തീർന്നു മരിച്ചു നരകയാതന അനുഭവിച്ചു. ഈ കഥയെയാണു് ഇവിടെ സൂചിപ്പിച്ചിരിക്കുന്നതു്.

ഗുമഥ സുരസംഘം—ദേവരുടെ കൂട്ടം, ദേവന്മാർ. ജരാ— ദേഹത്തിൽ മേദസ്സുകൊണ്ടു ചുരുളുകൾ ഉണ്ടാകൽ; ന ര—ജരഹേതുവാൽ രോമങ്ങൾ വെളുപ്പായി തീർന്നിരി ക്കൽ. കൃശോദരി—കൃശമായ (ചെറുതായി ഉദരം (വയറു)

ഉള്ളവൾ—അരുവയർ—കൃശോദരിയായിരിക്കൽ ഉത്ത മസ്ത്രീയുടെ ലക്ഷണം ആണു്. ന്നന്ന മോഹാംബുരാശി—മോഹക്കടൽ—വലുതായ മോഹം. ന്നസ്യ ഇതിൽ അടങ്ങിയിരിക്കുന്ന കഥ:—ദുൎയ്യോധനനും ധൎമ്മപുത്രനും ചൂതുകളിച്ചതിൽ ധൎമ്മപുത്രൻ തോററുപോയി. ചൂതിൽ അനുജന്മാരെയും ഭാൎയ്യയായ പാഞ്ചാലിയേയും കൂടി പണയം വച്ചു. ഇപ്രകാരം ഏററവൎക്ക അടിമയായിതീൎന്ന പാഞ്ചാലിയെ പിടിച്ചുകൊണ്ടു വരുന്നതിന്നു ദുശ്ശാസനനെ ദുൎയ്യോധനൻ പറഞ്ഞയച്ചു. അവൾ രജസ്വലയാകയാൽ പോരുവാൻ വിഷമം ഉണ്ടു എന്നു പറഞ്ഞിട്ടും കൂട്ടാക്കാതെ ദുശ്ശാസനൻ അവളുടെ തലമുടിയിൽ പിടിച്ചുകൊണ്ടുവന്നു രാജസഭയിൽനിറുത്തി അവളുടെ വസ്ത്രംഎല്ലാവരുംകാൺകെഅഴിച്ചു. ആ അവസരത്തിൽ അവൾ ആൎത്തത്രാണപരായണനായ ശ്രീകൃഷ്ണനെ ധ്യാനിച്ചു നിലവിളിച്ചു. അദ്ദേഹത്തിൻെറ കൃപയാൽ അവളുടുത്തിരുന്ന പുടവ എത്രയഴിച്ചിട്ടും വസ്ത്രം അരയിൽ നിന്നു വേർപെടാതിരിക്കത്തക്കവണ്ണം ഭഗവാൻ അനുഗ്രഹിച്ചു. അവൾ അപമാനത്തിൽ നിന്നു രക്ഷപ്പെട്ടു. ന്നഹേ രാധാപതേ—രാധയുടെ ഭൎത്താവായുള്ളവനെ; നിരാധാരാ—ആധാരം (ആശ്രയം) ഇല്ലാത്തവൾ—ആപത്തിൽ നിന്നു എന്നെ രക്ഷിക്കാൻ ആളില്ലാത്തവൾ. പത്മം—താമരപ്പൂവു്; പത്മാ—ലക്ഷ്മി; ന്നഏവം ഇദം-ഇതു· ഇപ്രകാരം; ന്നഏവ്യ വാരണഗാമിനി—ആനപോലെ നടക്കുന്നവൾ., വാരിജചാരുമുഖി—താമരപ്പൂപോലെ അഴകായ മുഖം ഉള്ളവൾ. ന്നഏവന്ന ഉത്തമരാജസുതേ-ഈ സംബോധന ഉപയോഗിച്ചതു ഉത്തമ രാജാവിൻെറ

മകാം ആകയാൽ ആഹാരം ചോദിച്ചാൽ തരാതിരിക്ക യില്ല എന്നുള്ള വിശ്വാസത്തെ ദ്യോതിപ്പിക്കുന്നു. ൯൮ കഴി-കഴിവു്. ൯൯ൻ—എൻറുള്ളം—എന്റെ ഉള്ളം ൯ൻ ഉള്ളചോറു—എത്ര അല്പമായി ശേഷിച്ചിരുന്നാലും അത്രയും ചോറു മതിയാകും. വയറു നിറയെത്തരണം എന്നില്ല വെള്ളം കുടിച്ചു വയറു നിറച്ചുകൊള്ളാം എന്നു സാരം. ൯൯ ദിനേശവാക്യം-സൂര്യന്റെവാക്കു്. ൯൯ അത്രമാത്രം—എന്റെ തൽക്കാലവാശ്യത്തിനു വേണ്ടിടത്തോളം വളരെ ചുരുക്കമായിട്ടെങ്കിലും ൧൦൦ വരുമേ—ഇതിൽ 'ഏ' എന്നുള്ള നിപാതം നിശ്ചയത്തെ കാണിക്കുന്നു. പിന്നീടും 'നിശ്ചയം' എന്നു പ്രയോഗിച്ചിരിക്കുന്നതു കൂടുതൽ ഉറപ്പിനെകാണിക്കുന്നു.

൱൧ ശാകപത്രം—ചീരയില ൱൨ ക്ഷേത്രോപസികരം—ദിവ്യസ്ഥലങ്ങളിൽ ചെന്നു കുളിച്ചു് ഈശ്വരനെ തൊഴുതു തീർത്ഥാടനം ചെയ്യുന്നവരായ മുനിയും ശിഷ്യരും, ഗോത്രാരി പ്രതിമൻ—ഇന്ദ്രതുല്യൻ; ഗോത്രം—പർവ്വതം, അരി—ശത്രു; രക്ഷേൽ—നിശ്ചയമായും രക്ഷിക്കും, ൱൩ പൊങ്ങും വിധൗ—പൊങ്ങുംപോൾ, ൱൪ ബഹുഭുക്തി—അധികമായ ഊണു്, ൱൫ അവർകുക്ഷി—അവരുടെ വയറു്, ൱൬ അതിചപലദുരിതമതി—വളരെ ചപലവും ദുരിതം (ദോഷം) ഉള്ളതും ആയ ബുദ്ധിയുള്ളവൻ,

൱൭ ഇവിടമധുനാ— ഇവിടെ അധുനാ

൱൮ നഷ്ടമാകാ + എന്നു = നഷ്ടമാകെന്നു ഈ രണ്ടു സന്ധിയും വ്യാകരണരീത്യാ തെറ്റുതന്നെ.

൱൯ തുടങ്ങിനാർ:—ഇതിന്റെ ആഖ്യ 'അന്നവും എന്നു തുടങ്ങി ദധിയും എന്നതുവരെയുള്ള പദങ്ങളാണു, അചേതനവസ്തുക്കൾക്കു പുരുഷത്വം കല്പിച്ചു ഈ

പദം കവി പ്രയോഗിച്ചിരിക്കുന്നു. ൫൭ മായകൾ—ഇതിന്റെ ആഖ്യാതം അന്തർഭൂതം ആയിരിക്കുന്നു.

൫൮ പൊഴുതു—സമയം ഈ പദം മലയാള ഭാഷയിൽ 'അപ്പോൾ' ഇപ്പോൾ' എന്നീ വാക്കുകളിൽ "പോൾ" എന്ന രൂപത്തിൽ മാറിയിരിക്കുന്നു.

ധാർത്തരാഷ്ട്രൻ ധൃതരാഷ്ട്രന്റെ പുത്രൻ. നഷ്ടമാക—നശിച്ചുപോകട്ടെ, പാണ്ഡവപർണ്ണശാല—പാണ്ഡവന്മാരുടെ പർണ്ണശാല, ൫൯ പാർത്ഥിവമകുടശിരോമണേ— (പാർത്ഥിവൻ—രാജാവു്, മകുടം—കിരീടം മണി–രത്നം)—രാജശ്രേഷ്ഠരിൽ വച്ചു ശ്രേഷ്ഠൻ ആയ, ൬൦ ഭാരതഭൂപതി—ഭാരതവംശത്തിൽ ഉള്ള രാജാവു് ഭാരതഭൂപന്റെ—(ഇൻഡ്യാരാജ്യത്തിന്റെ) പതി (രാജാവു്). ദുഷ്യന്തന്റേയും ശകുന്തളയുടേയും പുത്രൻ ആയ ഭരതൻ ചന്ദ്രവംശത്തിൽ ഉള്ള ഒരു പൂർവ്വരാജാവും ആയിരുന്നു, ഭരതത്തിന്റെ രാജ്യത്തിനു 'ഭാരതം' എന്നു പേരു സിദ്ധിച്ചു, ഭാരതൻ—ഭാരതവംശത്തിലുള്ളവൻ എന്നും അർത്ഥം ഉണ്ടു്, ഭാരതരുടെ കഥ ആകയാൽ 'ഭാരതം' എന്ന ഗ്രന്ഥത്തിനും പേരു ജനിച്ചു, പരമാനന്ദം—വളരെ ആനന്ദത്തോടുകൂടി, പരമേശോത്ഭവൻ—പരമേശ്വരന്റെ അംശം ആയി അവതരിച്ചിരിക്കുന്ന ദുർവ്വാസസ്സ്, ൬൧, തുംഗ പരാക്രമരാശേ—വലുതായ പരാക്രമം കൂടിച്ചേർന്നിരിക്കുന്ന രൂപമേ, രാശി—കൂട്ടം, തുംഗം—പൊക്കമുള്ള, ൬൨ ഇംഗിതം—നിങ്ങൾക്കു ഇഷ്ടം ഉള്ളതു്, ൬൩ സോമകുലാവനിരമണന്മാർ—ചന്ദ്രവംശത്തിലെ രാജാക്കന്മാർ, അവനി—ഭൂമി, രമണൻ—ഭർത്താവു് കാമവിലോലിതം—ഇഷ്ടത്തോടുകൂടിയുള്ള നോക്കു്—പ്രീതി, എന്യേ—എന്നിയേ—ഇല്ലാതെ. തുഷ്യൻ—സന്തോഷിപ്പിക്കേണ്ടവൻ!

17 NOV 1942

MUL

058580